
# വ്യാപാരകേരളം

## കവിതാ പതിപ്പ്

പുസ്തകം 1 ലക്കം 2 പേജുകൾ 47 ജൂൺ 2020



കവിതയുടെ മൃത്യുഞ്ജയം


രാവുണ്ണി

# കവിതാപതിപ്പ്

36 കവിതകൾ

മുഖച്ചിത്രം: ചിത്രകാരൻ – സുമേഷ്. കെ. ഷൺമുഖൻ

# എഡിറ്റേഴ്സ് പേജ്





ഓഫീസ്:
**വ്യാപാരകേരളം**
(ഓൺലൈൻ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
**സി.ആർ.രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
**റയൻ ജോസഫ്**




പുതിയലക്കം കവിതാ പതിപ്പാണ്. മഴക്കാഴ്ചകൾക്കാണ് കവിതാപതിപ്പിൽ ഇടം കൊടുത്തിട്ടുള്ളത്. 36 കവികളുടെ വ്യത്യസ്തങ്ങളായ രചനകളാൽ സമ്പന്നമാണ് പ്രത്യേക പതിപ്പ്.

കവിതകൾ ക്ഷണിച്ചുകൊണ്ട് ഓൺലൈനിൽ മാത്രം ഒരറിയിപ്പുകൊടുത്തതിനു ലഭിച്ച പ്രതികരണം ആവേശകരമായിരുന്നു. ചുരുങ്ങിയ ദിവസങ്ങൾക്കകം നൂറിലേറെ കവിതകൾ ലഭിച്ചു. 20 കവിതകൾ ഉൾപ്പെടുന്ന പ്രത്യേക പതിപ്പെന്ന ലക്ഷ്യം തിരുത്തേണ്ടി വന്നു.


നല്ല കവിതകൾ എല്ലാം ചേർക്കാൻ സ്ഥലപരിമിതി അനുവദിച്ചിട്ടില്ല. ഇവിടെ ചേർക്കാതെപോയ കവിതകളും പ്രസിദ്ധീകരണയോഗ്യമാണെന്നു അറിയിക്കുന്നത്, തുടർന്നെഴുതാൻ പ്രിയ കവികളെ പ്രേരിപ്പിക്കുമെന്ന് ആശിക്കുന്നു. കവിതാപതിപ്പിന് മുഖക്കുറിപ്പെഴുതിയത് മലയാളത്തിന്റെ പ്രിയകവി രാവുണ്ണിയാണ്. ഞങ്ങളുടെ ഈ ആവശ്യം സസ്നേഹം സ്വീകരിച്ചതിന് നന്ദി.

ഈ ലക്കത്തിലെ മറ്റു രണ്ട് വായനാകൗതുകങ്ങൾ, 'സമകാലികം', 'റിഥം ഓഫ് ലൈഫ്' എന്നീ പംക്തികളാണ്. പ്രശസ്ത പത്രപ്രവർത്തകൻ ഫ്രാങ്കോ ലൂയിസാണ് 'സമകാലിക'ത്തിന്റെ കർത്താവ്. തേജശ്രീയുടേതാണ് 'റിഥം ഓഫ് ലൈഫ്'. വ്യത്യസ്തമായ വായനാനുഭവം സമ്മാനിക്കുന്നവയാണ് ഈ പംക്തികൾ.

'സമൂഹ മാധ്യമങ്ങളിലെ സ്ത്രീസാന്നിധ്യം' എന്ന വിഷയത്തിലൂന്നിയുള്ള പ്രത്യേക പതിപ്പായാണ് കഴിഞ്ഞ ലക്കം പുറത്തിറങ്ങിയത്. 'വ്യാപാരകേരള'ത്തിന്റെ വാർഷികപതിപ്പും കൂടിയായിരുന്നു അത്. ഇനിയുള്ള ലക്കങ്ങളും പ്രത്യേക പതിപ്പുകളായി പ്രസിദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**-സി.ആർ.രാജൻ,**
എഡിറ്റർ

'കവിതാപതിപ്പി'നെ സംബന്ധിച്ച് അഭിപ്രായങ്ങൾ അറിയിക്കാം. അവ പ്രസിദ്ധീകരിക്കും.
ഇമെയിലിലോ വാട്സ്ആപ്പായോ അയക്കുക.
email:vyaparakeralam@gmail.com
വാട്സ്ആപ്പ്: 9447189032



# അണു കെണിയായി, ഇനി 'ഒന്നീന്നു' തുടങ്ങാം



ഫ്രാങ്കോ ലൂയിസ്

'എല്ലാം ഇനി ഒന്നീന്ന് തുടങ്ങണം.' എല്ലാവരും പറയുന്ന വാക്കുകൾ. വ്യാപാരികൾ, വ്യവസായികൾ, സംരംഭകർ, പ്രവാസികൾ, സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർ, ലോട്ടറി കച്ചവടക്കാർ, ഓട്ടോ ഡ്രൈവർമാർ, തൊഴിലാളികൾ എന്നിങ്ങനെ സർവരും ഈ വാക്കുകളാണ് ഉരുവിടുന്നത്. ഇവിടെയുള്ളവർ മാത്രമല്ല, ലോകമെങ്ങുമുള്ളവർ ഇതുതന്നെയാണു പറയുന്നത്.

ലോക മഹായുദ്ധ കെടുതിയോളം വലിയ മഹാദുരന്തത്തിലൂടെയാണു നാം കടന്നുപോകുന്നത്. കോവിഡ് 19 വ്യാപനം തടയാൻ ലോകമെങ്ങും ഏർപ്പെടുത്തിയ ലോക് ഡൗൺ നിയന്ത്രണങ്ങൾ വരുത്തിവച്ചത് യുദ്ധസമാനമായ കെടുതികളാണ്.

**ലോക മഹായുദ്ധ കെടുതിയോളം വലിയ മഹാദുരന്തത്തിലൂടെയാണു നാം കടന്നുപോകുന്നത്. കോവിഡ് 19 വ്യാപനം തടയാൻ ലോകമെങ്ങും ഏർപ്പെടുത്തിയ ലോക് ഡൗൺ നിയന്ത്രണങ്ങൾ വരുത്തിവച്ചത് യുദ്ധസമാനമായ കെടുതികളാണ്.**

തൊഴിലും വരുമാനവും ഇല്ലാതായ ജനലക്ഷങ്ങൾ. അവരുടെ ജീവിത സ്വപ്നങ്ങൾ തകർന്നടിഞ്ഞു ചാരമായി. ജീവിത രീതിയും വരുമാന സ്രോതസും സംസ്കാര ചക്രവും ലോകക്രമവുമെല്ലാം പൊളിച്ചടക്കിയ തകർച്ച. ഇനി എവിടെനിന്ന്, എങ്ങനെ തുടങ്ങുമെന്ന അന്ധാളിപ്പാണെങ്ങും.

ലോക് ഡൗണിലൂടെ വിലപ്പെട്ട രണ്ടര മാസം നമ്മുടെ ജീവിതത്തിൽനിന്ന് ഇല്ലാതാക്കപ്പെട്ടു. രണ്ടര മാസമല്ല, രണ്ടോ മൂന്നോ കൊല്ലമാണ് പലർക്കും നഷ്ടപ്പെടുന്നത്. തൊഴിലും വരുമാനവും ഇല്ലാതായി ജീവിതം ദുരിതത്തിലായവർ. ഓരോ കുടുംബവും ഓരോ വ്യക്തിയും അതിജീവന പോരാട്ടത്തിലാണ്.



## തൊഴിലില്ലാതെ

കൊവിഡ് 19 മൂലമുണ്ടായ അടച്ചിടലിൽ ലോകമെങ്ങുമുള്ള ജനകോടികളാണ് തൊഴിൽരഹിതരായത്.

ഇന്ത്യയിൽ നാലിലൊരാൾക്കു തൊഴിലില്ലാതായി. ഗ്രാമങ്ങളിലെ തൊഴിലില്ലായ്മ നിരക്ക് 25.09 ശതമാനമായി ഉയർന്നു. മെയ് 24 ന് അവസാനിച്ച ആഴ്ചയിലെ കണക്കാണിത്. ഇതിനുമുമ്പുള്ള ആഴ്ചയിൽ നിരക്ക് 22.79 ശതമാനമായിരുന്നു. നഗരങ്ങളിലെ തൊഴിലില്ലായ്മ നിരക്കിൽ നാലുശതമാനമാണ് വർധനയുണ്ടായത്. 'സെന്റർ ഫോർ മോണിറ്ററിംഗ് ഓഫ് ഇന്ത്യൻ ഇക്കണോമി'യാണ് കണക്കുകൾ പുറത്തുവിട്ടത്.

ലോക് ഡൗൺ മൂലം ജോലിയില്ലാതായ 35 ലക്ഷം കുടിയേറ്റ തൊഴിലാളികളെയാണ് പ്രത്യേക ശ്രമിക് ട്രെയിനുകൾവഴി സ്വന്തം നാടുകളിലേക്ക് എത്തിച്ചതെന്നു റെയിൽവെ. മേയ് അവസാന വാരത്തോടെ 36 ലക്ഷംപേരെകൂടി നാട്ടിലെത്തിക്കുമെന്നും റെയിൽവെ അറിയിച്ചു.

വിദേശ രാജ്യങ്ങളിൽനിന്നും ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്കു മടങ്ങിവരാൻ കാത്തുനിൽക്കുന്നത് ലക്ഷങ്ങളാണ്. അഞ്ചു ലക്ഷം പേരാണു നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തത്. ഇവരിൽ ലക്ഷത്തിലേറെ പേരും തൊഴിലും വരുമാനവും നഷ്ടപ്പെട്ടവരാണ്.

വികസിത രാജ്യമായ അമേരിക്കയിൽ തൊഴിലില്ലായ്മ വേതനത്തിന് അപേക്ഷിച്ചത് 3.9 കോടി ജനങ്ങളാണ്. 32.9 കോടി ജനങ്ങളുള്ള രാജ്യമാണത്.

## കോടികളുടെ പൂജ്യങ്ങൾ

ലോക് ഡൗൺമൂലം അടഞ്ഞുപോയ സാമ്പത്തിക മേഖലയെ ഉണർത്താനും വരുമാനം ഇല്ലാതായവരെ സഹായിക്കാനുമുള്ള ശ്രമങ്ങളിലാണു ലോകരാഷ്ട്രങ്ങൾ. കേന്ദ്ര സർക്കാരും കേരള സർക്കാരും ശതകോടികളുടെ കോവിഡ് പാക്കേജുകൾ പ്രഖ്യാപിച്ചു. കോടികളുടെ കനമേറിയ പൂജ്യങ്ങൾ. അവ ഉരുണ്ടുരുണ്ട് തലയിൽ വീഴുമോ, അന്നം ഊട്ടിക്കുമോയെന്ന ആശയക്കുഴപ്പത്തിലാണ് ജനം.

കേരള സർക്കാർ ഇരുപതിനായിരം കോടി രൂപയുടേയും കേന്ദ്ര സർക്കാർ 20 ലക്ഷം കോടി രൂപയുടേയും സാമ്പത്തിക സഹായ പാക്കേജുകൾ പ്രഖ്യാപിച്ചു. മാർച്ച് 19 നു സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പാക്കേജിലും രണ്ടു മാസം കഴിഞ്ഞു മേയ് പകുതിയോടെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പാക്കേജിലുമായി പാവപ്പെട്ടവർക്കു കൈയിൽ കിട്ടിയത് റേഷനരിയാണ്. സംസ്ഥാന സർക്കാരിന്റെ പലവ്യഞ്ജനക്കിറ്റും കിട്ടി. ഏതാനും ദിവസത്തേക്ക് വിശപ്പടക്കാം.

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 20 ലക്ഷം കോടി രൂപ ഇന്ത്യയിലെ 138 കോടി ജനങ്ങൾക്ക് ആളോഹരി വിഹിതമായി കണക്കാക്കിയാൽ 14,492 രൂപ കിട്ടും.

കേന്ദ്രം ജൻധൻ അക്കൗണ്ടുകളിലേക്ക് 500 രൂപയും സംസ്ഥാന സർക്കാർ എല്ലാ തൊഴിലാളി ക്ഷേമനിധികളിലൂടേയും രണ്ടായിരം രൂപവരേയും നൽകി. തൊഴിലുറപ്പു പദ്ധതിക്കു കേന്ദ്രത്തിന്റെ നാൽപതിനായിരം കോടി രൂപയുണ്ട്. പ്രധാനമന്ത്രി ഗരീബ് കല്യാൺ യോജന വഴി 1,70,000 കോടി രൂപ, ആദായനികുതി നിരക്കുകളിലെ മാറ്റംമൂലം 50,000 കോടി, വിവിധ നികുതി ഇളവുകളിലൂടെ 7800 കോടി എന്നിങ്ങനെയാണ് കേന്ദ്രം ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നത്. പിന്നെയെല്ലാം ബാങ്കുകൾ നൽകുന്ന വായ്പയാണ്.

ആരു വായ്പയെടുക്കും? സാമ്പത്തിക രംഗം തകർന്നു കിടക്കുമ്പോൾ ആവശ്യത്തിനു വായ്പകളില്ലാതെ പ്രതിസന്ധിയിലാകുമെന്ന ഭീതിയിലാണ് ബാങ്കുകൾ.

എന്തായാലും കേന്ദ്ര സർക്കാർ വായ്പയെടുക്കും. കോവിഡ് 19 മൂലമുള്ള അധികച്ചെലവു നേരിടാൻ കേന്ദ്ര സർക്കാർ 12 ലക്ഷം കോടി രൂപയാണു കടമെടുക്കുന്നത്. ബജറ്റിൽ 7.8 ലക്ഷം കോടി രൂപ കടമെടുക്കാൻ നിർദേശിച്ചിരുന്നു. ഇതിന്റെ 53 ശതമാനം അധികമാണ് കടമെടുക്കുന്നത്.

## സ്വാശ്രയം

വാഗ്ദാന പൂജ്യങ്ങൾ അന്തരീക്ഷത്തിലൂടെ പാറിപ്പറക്കുന്ന അപ്പൂപ്പൻതാടി പോലെയാണ്. സ്വാതന്ത്ര്യ സമരകാലത്ത് മഹാത്മാഗാന്ധി പഠിപ്പിച്ച 'സ്വാശ്രയത്വ'ത്തെ നാം മറന്നതായിരുന്നു. ആഗോളവത്കരണത്തിന്റെ കൊറോണ കാലഘട്ടത്തിൽ ആ വാക്കിനും ആശയത്തിനും പ്രസക്തി വർധിച്ചു. അതുകൊണ്ടാണ് പ്രധാനമന്ത്രി



നരേന്ദ്രമോദി 'ആത്മനിർഭർ ഭാരത്' എന്ന പേരിൽ സ്വാശ്രയ പാക്കേജ് പ്രഖ്യാപിച്ചത്.

ഇന്ത്യ സ്വയംപര്യാപ്തമാകണമെന്ന ഗാന്ധിജിയുടെ സ്വപ്നം നമ്മുടെ ഓരോരുത്തരുടേയും സ്വപ്നമാണ്. അതു സാക്ഷാത്കരിക്കപ്പെടണം. ഇന്ത്യൻ സംരംഭങ്ങളെ വിജയിപ്പിക്കണം.

സ്വാശ്രയം നേടാൻ രാജ്യത്തെ തന്ത്രപ്രധാനമായ എട്ടു മേഖലകളെ സ്വകാര്യവത്കരിക്കുകയും വിദേശവത്കരിക്കുകയും ചെയ്യുമെന്നാണു മോദി സർക്കാരിന്റെ പ്രഖ്യാപനം. കൽക്കരി, പ്രതിരോധം, പരിസ്ഥിതി, എയർപോർട്ട്, ഊർജവിതരണം, ബഹിരാകാശം, അണുശക്തി എന്നിവയിലാണു സ്വകാര്യ, വിദേശ നിക്ഷേപങ്ങൾ അനുവദിക്കുന്നത്. രാജ്യസുരക്ഷ അടക്കമുള്ള സുപ്രധാന മേഖലകളിൽ വിദേശ നിക്ഷേപം അനുവദിക്കുന്നതും സ്വാശ്രയമാണോയെന്നു നെറ്റി ചുളിക്കുന്നവരുണ്ട്.

കൽക്കരി മേഖലയിൽ സർക്കാരിന്റെ നിയന്ത്രണം അവസാനിപ്പിക്കും. പ്രതിരോധ ഉത്പാദന മേഖലയിൽ വിദേശനിക്ഷേപ പരിധി 74 ശതമാനമാക്കി ഉയർത്തി. ആറു വിമാനത്താവളങ്ങൾകൂടി സ്വകാര്യവത്കരിക്കും. ബഹിരാകാശ ദൗത്യങ്ങൾ, ആണവോർജ ഗവേഷണം, വൈദ്യുതി വിതരണം എന്നീ മേഖലകളിൽ കൂടുതൽ സ്വകാര്യ പങ്കാളിത്തം. ഉൽപാദനം, തൊഴിൽ സാധ്യതകൾ, നിക്ഷേപം തുടങ്ങിയവ വർധിക്കാൻ ഈ നടപടികൾ ഉപകരിക്കുമെന്നാണു കേന്ദ്ര ധനമന്ത്രി പറയുന്നത്.

അതിവേഗ നിക്ഷേപത്തിനായി നയപരിഷ്കാരങ്ങൾ കൊണ്ടുവരും. തടസങ്ങൾ നീക്കാൻ സെക്രട്ടറി തലത്തിലുള്ള ഒരു ഗ്രൂപ്പ് രൂപീകരിച്ചു. നിക്ഷേപ പദ്ധതിയുടെ അതിവേഗ ട്രാക്കിംഗ് എംപവേർഡ് ഗ്രൂപ്പ് ഓഫ് സെക്രട്ടറിമാർ വഴിയാണ് നടത്തുക. എല്ലാ മന്ത്രാലയങ്ങളും പദ്ധതി പുരോഗമന സെൽ രൂപീകരിക്കും.

എല്ലാ വാതിലും തുറന്നിടുകയാണ്. ചൈനയോടു പിണങ്ങിയ വ്യവസായ സാമ്രാജ്യങ്ങൾ ഇന്ത്യയിലേക്കു വരുമോ?

## വെറും അണു

സോപ്പിട്ടു കഴുകിയാൽ ഇല്ലാതാകുന്ന വെറുമൊരു അണുവിനു മുന്നിൽ അഞ്ചു മാസമായി ലോകം വിറച്ചുനിൽക്കുന്നു. എല്ലാ സമ്പത്തിനേയും സുഖസൗകര്യങ്ങളേയും നിഷ്ഫലമാക്കാനും ഉറ്റവരെപ്പോലും ഭീതിയോടെ അകറ്റിനിർത്താനും ഈയൊരു അണുവിനു കഴിയുമെന്നു നാം കണ്ടു. വെട്ടിപ്പിടിച്ചതും കെട്ടിപ്പടുത്തതുമൊന്നും കൂട്ടായുണ്ടാവില്ല. സ്വാർത്ഥതയും സുഖലോലുപതയും ധൂർത്തുമെല്ലാം വെറുമൊരു അണുവിനു മുന്നിൽ മായയായി മാറി.

ഇതൊരു ലോക മഹായുദ്ധംതന്നെയാണ്. ഒരു ഭാഗത്ത് ലോക രാജ്യങ്ങളിലെ ജനങ്ങൾ. മറു ഭാഗത്ത് വെറുമൊരു വൈറസ്. സാർസ് നോവൽ കൊറോണ വൈറസ്.

ഏറ്റവും വിശ്വസിച്ചിരുന്ന സ്വന്തം കരങ്ങളെ പല തവണ സോപ്പിട്ടു കഴുകി. മുഖത്തു മാസ്ക് നിർബന്ധമാക്കി. ചായംതേച്ചും പൗഡറിട്ടും മിനുക്കി അതിസുന്ദരമെന്നു സ്വയം വിശ്വസിച്ചിരുന്ന സ്വന്തം മുഖം പൊതിഞ്ഞുകെട്ടി. സ്നേഹാഭിവാദനങ്ങളായ ഹസ്തദാനവും ആലിംഗനവും ലോകം ഒഴിവാക്കി.

## രോഗവ്യാപനം

ആദ്യ കൊറോണ മരണം റിപ്പോർട്ടു ചെയ്തത് ജനുവരി 11 നു ചൈനയിലെ വുഹാനിലായിരുന്നു. മാർച്ചു മാസമായപ്പോഴേക്കും എല്ലാ ലോകരാജ്യങ്ങളിലേക്കും വൈറസ് പടർന്നു. ചുമ്മാ അന്തരീക്ഷത്തിലൂടെ വ്യാപിച്ചതല്ല. ചൈനയിലുണ്ടായിരുന്ന ലോകരാജ്യങ്ങളിലുള്ളവർ

സുരക്ഷ തേടി സ്വന്തം രാജ്യങ്ങളിലേക്കു വിമാനയാത്ര നടത്തിയതോടെയാണു രോഗം ലോകമെങ്ങും പരന്നത്. ഇന്ത്യയിലെ ആദ്യത്തെ കോവിഡ് 19 രോഗം സ്ഥിരീകരിച്ചത് ജനുവരി 30 നായിരുന്നു. ചൈനയിലെ വുഹാനിൽ എംബിബിഎസ് പഠിച്ചിരുന്ന തൃശൂർക്കാരിയായിരുന്നു ആ രോഗി. രണ്ടര ആഴ്ചയ്ക്കകം രോഗമുക്തയായി ആശുപത്രി വിടുകയും ചെയ്തു.

മാർച്ച് മാസത്തോടെ ലോകമെങ്ങും രോഗം അനുദിനം ഇരട്ടിച്ചുകൊണ്ടിരുന്നു. ഏപ്രിൽ പകുതിക്കുശേഷം ഓരോ ദിവസവും കോവിഡ് 19 ബാധിച്ച് മരിച്ചിരുന്നത് ആറായിരത്തിലേറെപ്പേരാണ്. ഓരോ ദിവസവും 75,000 മുതൽ 95,000 വരെ ആളുകൾക്കാണു പുതുതായി രോഗം ബാധിച്ചത്.

ഈ കുറിപ്പ് എഴുതിയ മേയ് 27 ലെ കണക്കനുസരിച്ച് ആഗോളതലത്തിൽ മരിച്ചത് 3,51,591 പേരാണ്; 56.78 ലക്ഷം പേർ രോഗബാധിതരായി. ഒരു മാസം മുമ്പ് ഏപ്രിൽ 27 ന് രേഖപ്പെടുത്തിയത് 2,06,822 മരണവും 29.91 ലക്ഷം രോഗികളുമുണ്ടെന്നാണ്. അതിനും ഒരു മാസംമുമ്പ് മാർച്ച് 27 ന് മരണം 26,000; രോഗബാധിതർ ആറു ലക്ഷം മാത്രവും. ഒരോ മാസം പിന്നിടുമ്പോഴേക്കും രോഗബാധിതരുടെ എണ്ണവും മരണവും എത്രയോ മടങ്ങാണ് ഇരട്ടിക്കുന്നത്.

ഇന്ത്യയിൽ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ 27-ാം തീയതികളിലുള്ള കണക്ക് ഇങ്ങനെ.

| | മരണം | രോഗബാധിതർ |
|---|---|---|
| മാർച്ച് | 17 | 724 |
| ഏപ്രിൽ | 939 | 29,458 |
| മേയ് | 4,344 | 1,50,793 |

ഇരുന്നൂറിലേറെ ലോക രാജ്യങ്ങൾ അടച്ചുപൂട്ടി. കൊട്ടിയടച്ച ലോകം. രോഗവ്യാപനം തടയാൻ രണ്ടര മാസംവരെ അടച്ചുപൂട്ടിയ രാജ്യങ്ങളും സംസ്ഥാനങ്ങളുമുണ്ട്. ആശുപത്രികൾക്കു പുറമേ ഭക്ഷ്യധാന്യ ശാലകളും ഔഷധ ശാലകളും മാത്രമാണ് തുറന്നത്.

## തരിശായ ലോകം

ലോക് ഡൗൺ മൂലം ലോകം തരിശായി മാറി. മനുഷ്യാധ്വാനവും ഉൽപാദനവുമില്ലാതെ കൃഷിയിടങ്ങൾ മുതൽ വ്യവസായശാലകൾ വരെ എല്ലാം ശൂന്യമായി. രോഗവ്യാപനം ഭയന്ന്, ജീവൻ രക്ഷിക്കാൻ എല്ലാവരും വീടുകളിൽ കഴിച്ചുകൂട്ടി.

സമഗ്രമായ അടച്ചിടലോടെ ജനലക്ഷങ്ങൾ തൊഴിലും വരുമാനവും ഇല്ലാത്തവരായി. അന്നന്നത്തെ അധ്വാനത്തിലൂടെ നേടുന്ന എണ്ണിച്ചുട്ട ചില്ലിക്കാശുകൊണ്ട് വിശപ്പകറ്റുകയും മരുന്നു വാങ്ങുകയും ചെയ്തിരുന്ന ജനലക്ഷങ്ങൾ മുഴുപ്പട്ടിണിയിലായി.

ആഗോളവത്കരണത്തിന്റെ അതിവിശാല ലോകത്തിൽനിന്ന് പ്രാണരക്ഷാർഥം കൊട്ടിയടയ്ക്കപ്പെട്ട ലോകത്തേക്കുള്ള ദൂരം ഒരു വൈറസ് മാത്രം. അതിനൊരു തുമ്മലോ സ്പർശനമോ ശ്വാസമോ മാത്രം മതി. രോഗം പരക്കും.

ലോകരാഷ്ട്രങ്ങൾ മാന്ദ്യത്തിൽനിന്നു കരകയറാൻ വാണിജ്യ തന്ത്രങ്ങളും പലിശ വെട്ടിക്കുറയ്ക്കലും അടക്കമുള്ള അഭ്യാസങ്ങൾ പയറ്റിക്കൊണ്ടിരിക്കേയാണ് കോവിഡ് ഇങ്ങനെ പണി തന്നത്. കുടുംബങ്ങൾ മുതൽ ലോകരാഷ്ട്രങ്ങൾ വരെയുള്ളവയുടെ പണപ്പെട്ടി തകർന്നു. ഒന്നുമില്ലായ്മയിലേക്കു ലോകം കൂപ്പുകുത്തി. ലോകരാഷ്ട്രങ്ങൾ, ലോകമെങ്ങും വ്യവസായ സാമ്രാജ്യങ്ങൾ പടുത്തുയർത്തിയ ബഹുരാഷ്ട്ര കുത്തകകൾ, വ്യവസായങ്ങൾ, വാണിജ്യ കാർഷിക സേവന മേഖല എന്നു തുടങ്ങി ഓരോ വ്യക്തിയും കുടുംബവും വരെ.

ക്ളേശദുരിതങ്ങൾ ദുരഭിമാനംകൊണ്ടു പുറത്തു പറയാതെ മുണ്ടുമുറുക്കി കഴിച്ചുകൂട്ടുന്ന അനേകരുണ്ട്. ഇവരെല്ലാം കരകയറി വന്നെങ്കിൽ മാത്രമേ പുതിയ ലോകത്തെ നമുക്കു കെട്ടിപ്പടുക്കാനാവൂ.

## കോവിഡിന്റെ പാഠം

ആൾക്കൂട്ടവും ആഘോഷങ്ങളും ആർപ്പുവിളികളുമില്ലാതെ, ധൂർത്തും ആർഭാടങ്ങളുമില്ലാതെ ജീവിക്കാനാവുമെന്ന് ലോക് ഡൗൺ ദിനങ്ങൾ പഠിപ്പിച്ചു. വിവാഹംപോലും ലളിതമാക്കി.

മദ്യപാനവും പുകവലിയും അടക്കമുള്ള ദുശീലങ്ങളുടെ അടിമത്തത്തോടു വിടപറഞ്ഞവരുണ്ട്. കോവിഡ് 19 ഉം ലോക് ഡൗണും നമ്മുടെ ജീവിതത്തെ മാറ്റിമറിച്ചിരിക്കുന്നു.

ഇനി പാഴാക്കാനില്ല, ഒരു നിമിഷംപോലും.

തകർന്നു വീണതു നമുക്കു വീണ്ടും കെട്ടിപ്പടുക്കാം.


പ്രളയവും പ്രതിബന്ധങ്ങളും ഇനിയും ഉണ്ടാകാം.

തളർന്നുപോകാനാവില്ല.

അതിജീവിക്കണം.

എല്ലാ വെല്ലുവിളിയേയും മറികടക്കണം.

ഒപ്പം രോഗവ്യാപനം തടയാൻ ജാഗ്രത പാലിക്കാം.



**ഒന്നാന്തരം കവികൾ ഗാനരചയിതാക്കളായി അരങ്ങുവാണ കാലമുണ്ടായിരുന്നു ഇന്ത്യൻ സിനിമാ ലോകത്ത്. ഇന്നെന്താണ് സ്ഥിതി? പാട്ടുകളിൽ അവരുടെ സ്ഥാനമെന്താണ്?**

# ഗാനരചന: ആരായാലെന്താ!




**തേജശ്രീ**

തമിഴിൽ നടന്ന സംഭവമാണ്. ഒരു നവാഗത സംവിധായകൻ തന്റെ സിനിമയ്ക്കായി ഗാനരചയിതാവ് വൈരമുത്തുവിനെ പാട്ടെഴുതാൻ സമീപിച്ചു. വൈരമുത്തുവിന് സംവിധായകനെ അത്ര പരിചയമില്ല. അദ്ദേഹം സംവിധായകന്റെ ആവശ്യം സ്നേഹപൂർവം നിരസിച്ചു. എന്നാൽ ഒരു ഓഫർ അദ്ദേഹം മുന്നോട്ടുവച്ചു- താങ്കളുടെ രണ്ടാമത്തെ സിനിമയ്ക്ക് ഞാൻ പാട്ടെഴുതിത്തരാം എന്ന്.

സംവിധായകൻ മടങ്ങിപ്പോയി. അദ്ദേഹത്തിന്റെ രണ്ടാമത്തെ സിനിമയ്ക്ക് വൈരമുത്തു പാട്ടുകൾ എഴുതിക്കൊടുക്കുകയും ചെയ്തു എന്നത് പിന്നീടുള്ള സംഭവം. ഇതിൽനിന്ന് മനസിലാക്കാനുള്ളത് എന്താണ്? വൈരമുത്തു എന്ന ഗാനരചയിതാവിന് തമിഴ് സിനിമാലോകത്തുള്ള സ്ഥാനം എത്രയോ വലുതാണ് എന്നതുതന്നെ.

മഹാപ്രതിഭകളായ കവികൾ എഴുതിയ വരികളാണ് ഇന്ത്യൻ ചലച്ചിത്ര സംഗീതശാഖയുടെ മുഖമുദ്രകളിലൊന്ന്. ഹിന്ദിയും തമിഴും അവിടെയിരിക്കട്ടെ. മലയാളത്തിലേക്കു വന്നാൽ, എന്തൊരു ജീവിതഗന്ധികളായിരുന്നു നമ്മുടെ പാട്ടുകളുടെ വരികൾ എന്നോർക്കൂ. ഒരു പാട്ടുകേൾക്കുമ്പോഴേക്കും സുന്ദര ചിത്രങ്ങൾ നമ്മുടെ മനസുകളിൽ തെളിഞ്ഞുവരും. വയലാർ, പി. ഭാസ്കരൻ, ശ്രീകുമാരൻ തമ്പി, ഒ.എൻ.വി. കുറുപ്പ്, മുല്ലനേഴി.. എന്നിങ്ങനെ തുടങ്ങി കൈതപ്രവും ഗിരീഷ് പുത്തഞ്ചേരിയും റഫീഖ് അഹമ്മദും ഹരിനാരായണനും വരെയുള്ള പേരുകൾ. അപ്രതീക്ഷിതമായി എത്തി സുന്ദരഗാനങ്ങളെഴുതിയ സംവിധായകൻ സത്യൻ അന്തിക്കാടിനെപ്പോലുള്ളവർ വേറെ. പ്രണയവും വിരഹവും വാത്സല്യവും ലഹരിയും തത്വചിന്തയും തെളിഞ്ഞൊഴുകിയ വരികൾ. സിനിമയിലെ സന്ദർഭത്തിൽ സംവിധായകൻ എന്താണോ ഉദ്ദേശിച്ചത് അതിനപ്പുറം നൽകാൻ കഴിയുന്നവരായിരുന്നു നമ്മുടെ മുൻകാല ഗാനരചയിതാക്കൾ. പലരും എഴുതിയത് വെറുതെ പാട്ടുകളല്ല, അസൽ കവിതകൾതന്നെയായിരുന്നു. അതുകൊണ്ടുതന്നെയാണ് അവ ഇന്നും നിലനിൽക്കുന്നത്.

എഴുതിയ വരികൾക്ക് ഈണമിടുന്ന പതിവു മാറി ഈണത്തിനൊത്തു പാട്ടെഴുതുന്ന രീതി വ്യാപകമായത് ചലച്ചിത്ര സംഗീതരംഗത്ത് ഒരു വഴിത്തിരിവായിരുന്നു. നല്ലതോ ചീത്തയോ എന്നത് അവിടെ നിൽക്കട്ടെ. ഈണമൊരുക്കാനായി വരികൾ എഴുതിക്കിട്ടാൻ മുല്ലനേഴി മാസ്റ്ററെ കാത്തുനിന്ന കാലം സംഗീതസംവിധായകൻ വിദ്യാധരൻ മാസ്റ്റർ ഓർമിക്കാറുണ്ട്.


താൻ നേരത്തേ ചെയ്തുവച്ച ഈണത്തിനൊപ്പിച്ച് ഗിരീഷ് പുത്തഞ്ചേരി എഴുതിക്കൊടുത്ത വരികൾ കേട്ട് വിസ്മയിച്ചുപോയ കഥകൾ സംഗീതകാരൻ ശരതും പറഞ്ഞുകേട്ടിട്ടുണ്ട്. അപ്പോൾ കഴിവും ആത്മാർഥതയും ഉള്ളയിടങ്ങളിൽ രീതികളുടെ ശരിതെറ്റുകൾ പരിശോധിക്കേണ്ട കാര്യമില്ല. എന്നാൽ വഴിത്തിരിവ് എന്നു പറഞ്ഞതിൽ ഒന്നുണ്ട്- കീബോർഡ് പ്രോഗ്രാമിംഗ് ചെയ്യാൻ അറിയാവുന്ന ആർക്കും സംഗീതസംവിധായകനാകാം എന്ന അവസ്ഥ വന്നത് അതിൽപ്പിന്നെയാണ്.

അതോടൊപ്പം മലയാള സിനിമയിൽ മറ്റൊന്നുകൂടി സംഭവിച്ചു. സിനിമയുടെ ചട്ടക്കൂട് മൊത്തം മാറി. ഒരു നല്ലപാട്ട് വേണ്ടിവരുന്ന സന്ദർഭങ്ങൾ സിനിമകളിൽ കാണാതായി. ഡിജിറ്റൽ സംഗീതം രാജ്യത്തുമൊത്തം തരംഗമായെങ്കിലും ഹിന്ദിയിലും തമിഴിലുമൊക്കെ ഇടയ്ക്കിടെ മെലഡികൾ ഉണ്ടാകാറുണ്ട്. റഹ്മാന്റെ പാട്ടുകൾ മാത്രം മതി ഉദാഹരണത്തിന്. എന്നാൽ മലയാളം അടിപൊളി എന്ന തട്ടുപൊളിപ്പൻ സംഗീതത്തിന്റെ കൈപിടിച്ചാണ് നടന്നത്. കംപ്യൂട്ടറിൽനിന്നുള്ള ട്യൂണിനൊപ്പിച്ച് എന്തെങ്കിലും വാക്കുകൾ കൂട്ടിയിണക്കി പാട്ട് എന്ന പേരിൽ പുറത്തിറങ്ങാൻ തുടങ്ങി. ഒരുതവണ കേട്ടാൽപ്പോലും ഓടിരക്ഷപ്പെടാൻ തോന്നിക്കുന്നവയായിരുന്നു അതെല്ലാം.

കഴിവുള്ള സംഗീതസംവിധായകർ അകലെ മാറിയിരിക്കേണ്ടിവന്നു. ഗാനരചയിതാക്കളുടെ കാര്യംപിന്നെ പറയേണ്ടല്ലോ. പലരും ആത്മസംതൃപ്തിക്കുവേണ്ടി സ്വയം നാലുവരി കുറിച്ച് ഈ ബഹളങ്ങളിൽനിന്ന് ഒഴിഞ്ഞിരിക്കേണ്ട അവസ്ഥയിലായി.

വരികളുടെ അർഥവും വലിയതോതിൽ ചോദ്യചിഹ്നങ്ങളായിമാറി. പാട്ടിന്റെ രംഗത്ത് അധികവും കാണിക്കുന്നത് സ്ത്രീശരീരങ്ങളായതിനാൽ വരികളിൽ ദ്വയാർഥങ്ങളും അശ്ലീലവും സ്ത്രീവിരുദ്ധതയും കുത്തിനിറയ്ക്കേണ്ടിവന്നു. അതുകേട്ട് കൈയടിക്കാൻ ഒരു സമൂഹമുണ്ടായി എന്നതും പരിതാപകരമാണ്. ഇതിന് ദേശഭേദമുണ്ടായില്ല. ഹിന്ദിയിലും തമിഴിലും മലയാളത്തിലും ദ്വയാർഥ പാട്ടുകളുണ്ടായി. ആത്മാവിൽ കവിത്വമുള്ള ആരും അത്തരം അശ്ലീലം എഴുതാൻ തയാറാകില്ലെന്നുറപ്പ്. ദ്വയാർഥ പാട്ടുകൾ പാടില്ലെന്ന് തീർത്തുപറഞ്ഞ ഗായകർ ഹിന്ദിയിൽ രംഗത്തുനിന്നേ പുറത്തായി. അത്തരം വരികൾക്ക് ഈണമിടില്ലെന്നു പറഞ്ഞ സംഗീതസംവിധായകരുമുണ്ടായിരുന്നു. പക്ഷേ അവസരങ്ങൾതന്നെയായിരുന്നു പലതിന്റെയും അളവുകോൽ. അതുകൊണ്ട് അത്തരം പാട്ടുകൾ പിന്നെയും പിന്നെയുമുണ്ടായി. സാഹിത്യവും സംഗീതവും പാട്ടിൽനിന്ന് ചോർന്നുപോകുകയും ചെയ്തു.

ഒരു പാട്ട് ആരുടെ സൃഷ്ടിയാണ് എന്ന ചോദ്യം കാലങ്ങളായി ഉയർന്നുകേൾക്കാറുണ്ട്. എഴുതിയയാളുടെയാണോ, ഈണമിട്ടയാളുടെയാണോ, ഗായകന്റെയാണോ? മഹാന്മാരായ സംഗീതസംവിധായകർ പറയാറുള്ളത് നല്ല വരികൾ കിട്ടുമ്പോഴാണ് നല്ല ഈണം പിറക്കുകയെന്നാണ്. വരികൾ ഉള്ളതുകൊണ്ടാണല്ലോ ഒരു ഗായകന് അല്ലെങ്കിൽ ഗായികയ്ക്ക് പാടാൻ കഴിയുന്നത്. സ്വരങ്ങൾ മാത്രം പാടിയാൽ പാട്ടാവില്ലല്ലോ. എന്നാൽ പല കാലങ്ങളിലും ഗാനരചയിതാക്കൾക്ക് സിനിമയിൽ വേണ്ടത്ര അംഗീകാരം ലഭിക്കാറില്ല. എം. ജയചന്ദ്രനെയും ശരത്തിനെയും പോലുള്ള സംഗീതസംവിധായകൻ എപ്പോഴും പറയാറുണ്ട് ഒരു നല്ലപാട്ട് എപ്പോഴും ഗാനരചയിതാവിന്റെയും സംഗീതസംവിധായകന്റെയും സൃഷ്ടിയാണ് എന്ന്. എത്ര മാത്രം വാസ്തവമാണത്. അർഥഭംഗിയും ഈണ




ത്തിന്റെ ഭംഗിയും ചേരുമ്പോഴല്ലേ പാട്ട് കേൾക്കാൻ സുഖമുള്ളതാവുന്നത്, ഹൃദയത്തിൽ കൊരുക്കുന്നത്. ഗായകൻ, ഗായിക ആര് എന്നതുപോലും യഥാർഥത്തിൽ രണ്ടാമതു വരുന്ന കാര്യമാണ്. പലപ്പോഴും യേശുദാസ് പാടിയതാണെങ്കിൽ പാട്ടു നന്നാവും എന്ന മുൻവിധി പലർക്കുമുണ്ടാകാം. അതിൽ തെറ്റുപറയാനുമില്ല. എന്നാൽ തുടക്കം എന്തുകൊണ്ടും രചയിതാവിലും സംഗീതസംവിധായകനിലും മാത്രമുള്ളതാണ്. അവിടെ തീരുമാനിക്കപ്പെടും ആ പാട്ടിന്റെ വിധി.

രചന- വയലാർ, സംഗീതം- ദേവരാജൻ എന്നതുപോലെ ജോടികളെ പരാമർശിക്കുമായിരുന്നു ആകാശവാണിയിലെ ചലച്ചിത്രഗാന പരിപാടികളിൽ. അവരത് ഇന്നും തുടരുന്നുമുണ്ട്. എന്നാൽ ആകാശവാണിയേക്കാൾ കൂടുതൽ പാട്ടുകൾ കേൾപ്പിക്കുന്ന, ആളുകൾ കൂടുതൽ കേൾക്കുന്ന പുതുതലമുറ എഫ്എം നിലയങ്ങൾ പാട്ടെഴുതിയതാര് ഈണമിട്ടതാര് എന്നൊന്നും പറയാറില്ല പലപ്പോഴും. ഇത് മാറേണ്ട അവസ്ഥയാണ്. കുറഞ്ഞപക്ഷം പഴയപാട്ടുകൾ കേൾപ്പിക്കുമ്പോഴെങ്കിലും വരികൾ ആരെഴുതി, ആരു സംഗീതം നൽകി, ആരു പാടി എന്നീ വിശദാംശങ്ങൾ കേൾപ്പിക്കണം. അത് അവരുടെ അവകാശമാണ്.

പുതിയ പാട്ടുകൾ കേൾപ്പിക്കുമ്പോൾ ഇതൊന്നും പറയണമെന്നില്ല. കാരണം പേരു പുറത്തുപറയുന്നത് നാണക്കേടാവുന്നതരം പാട്ടുകളാണ് പലരും പടച്ചുവിടുന്നത്. ശുഭം.



# കവിതയുടെ മൃത്യുഞ്ജയം

രാവുണ്ണി

## കവിതകൾ

★ രമ പിഷാരടി ★ സ്റ്റെല്ല മാത്യു ★ ജയപ്രകാശ് എറവ് ★ ദിവ്യ സി.ആർ ★ രഘുനാഥ് ★ ശ്രീജ വിജയൻ ★ ഗിരിജ സേതുനാഥ് ★ ഉമശ്രീ ★ ശോഭ ജി. ★ ലിജോ ജോസഫ് ★ സുമതിക്കുട്ടി ★ ശ്രീകുട്ടി മൂത്തേടത്ത് ★ പ്രിയ ശ്രീകുമാർ ★ ശ്രീനിവാസൻ ★ നിത്യലക്ഷ്മി ★ രാജേശ്വരി തുളസി ★ ഹരിദാസ് എം.യു. ★ മുക്ത വാര്യർ ★ സവിതദാസ് ★ ആശ രാജീവ് ★ പീരപ്പൻകോട് സുരേഷ് ★ സരസ്വതി ശർമ്മ ★ വിപിൻ പൂത്തുരുത്ത് ★ അജിത രാജൻ ★ സുമതി അച്യുതൻ ★ ശ്രീവത്സൻ എം.ജി ★ സുഗുണ പയ്യന്നൂർ ★ നിമിഷ ഹിജു ★ മാധവ് ജി ★ സിന്റ സേവി ★ മനോജ് പഴശി ★ ഗീത വി.പി ★ ശാരിക വിപിൻ ★ സിന്റി സ്റ്റാൻലി ★ സ്മിത കോടനാട് ★ കാരൂർ സോമൻ



# കവിതയുടെ മൃത്യുഞ്ജയം

**ജീ**വിതം സ്വച്ഛന്ദമായി ഒഴുകുമ്പോഴല്ല, വിഘ്നങ്ങളിലും വേദനകളിലും സന്നിഗ്ധതകളിലുമൊക്കെ പെട്ട് ഉഴലുമ്പോഴാണ് സർഗ്ഗാവിഷ്ക്കാരങ്ങൾ മനുഷ്യരുടെ അഭയമാവുക. വ്യക്തി ജീവിതത്തിലെ ദുരന്തങ്ങൾ സർഗ്ഗാത്മകതയുടെ വസന്തങ്ങളായി മാറും. ദാരിദ്ര്യം, വിശപ്പ് ,യുദ്ധം, പ്ലേഗ്, കോളറ, അടിമത്തം, വിവേചനം, സ്നേഹം, മരണം, വിരഹം എന്നിവയൊക്കെ ജീവിതത്തിലെ മഹാസങ്കടങ്ങൾ ആണെങ്കിലും എഴുത്തിലെ അനന്താകാശങ്ങളാണ്. കവിതാലോകത്തെ പ്രജാപതിയായ കവി ധാർമ്മികതയുടെ ലോകത്തെയും പ്രജാപതിയാണ്. അരുതായ്കകളുടെ നേരെ 'മാ നിഷാദ 'എന്ന് കവിവംശം ഒന്നിച്ചു നിന്ന് ആജ്ഞാപിച്ചുകൊണ്ടിരിക്കുന്നു. കവിത എന്നതു തന്നെ ഒരു മൂല്യമാണ്. സമസ്ത ജീവജാലങ്ങളോടുമുള്ള കരുണയാണ്. കരുതലാണ്. ഏതു കവിതയുടെയും ആഴങ്ങളിൽ ഇതിന്റെ ഈർപ്പങ്ങളുണ്ട്.

ഒറ്റക്കു നടക്കാനിറങ്ങിയവരുടെ തോളിൽ കയ്യിടുന്ന കൂട്ടാണ് കവിത.കൂട്ടുചേരലാണത്. കൂട്ട് വിളിക്കലാണ്.കവിത നിസ്വരുടെയും നിരാലംബരുടെയും കയ്യിൽ പിടിക്കുന്നു.

കപടമായ വർണ്ണക്കാഴ്ചകളെ കവിത തിരസ്ക്കരിക്കുന്നു. കെട്ടുകാഴ്ചകളെ നോക്കി 'കള്ളം, കള്ള ' മെന്ന് വിളിച്ചു പറയുന്നു. ലോകത്തെ സ്വർണ്ണപ്പകിട്ടുള്ള ഉടയാടകളെ



**രാവുണ്ണി**

ല്ലാം വാരിയുടുത്തിട്ടും രാജാവിന്റെ നഗ്നത മറയുന്നില്ല എന്ന് കവിത, ശിശുതുല്യമായ സത്യബോധത്തോടെ വിളിച്ചു പറയുന്നു.

നാം തോറ്റു തളർന്നിരിക്കുമ്പോൾ കവിത സാന്ത്വനമാവും. നിറമഴയിലും പൊരിവെയിലിലും കവിത കുടയാവും. കവിതക്കുടക്കീഴിൽ നമ്മൾ കൂട്ടുകാരായി ചേർത്തുപിടിക്കും.

കവിത നിറഞ്ഞു പെയ്യുന്ന ഒരു പെരുമഴക്കാലത്തെ സ്വപ്നം കണ്ടാണ് കവികൾ ജീവിക്കുക. കവികൾ ഗതാഗതം നിയന്ത്രിക്കുന്ന കാലം വരണം. യാത്രികരെ മുഴുവൻ സ്നേഹത്തിലേക്കും വെളിച്ചത്തിലേക്കും തിരിച്ചു വിടുന്ന കാലം. ആ കാലത്തിലേക്കുള്ള ദിശാസൂചികളാണ് പിറന്നു വീഴുന്ന ഓരോ കവിതയും.

കവിതയായിത്തീരുക എന്നതാണ് ഓരോ വാക്കിന്റെയും സ്വപ്നം. എഴുതുന്നത് കവിതയായിത്തീരുക എന്നതാണ് ഓരോ കവിയുടെയും പ്രാർത്ഥന. അനുഭവങ്ങളെയും വാക്കിനെയും ധ്യാനിച്ചുകൊണ്ടാണ് കവി കവിതയിലേക്ക് സഞ്ചരിക്കുന്നത്. ഏതോ ഒരു മഹത്തായ കവിതയിലേക്കുള്ള വാക്കുകളാണ് ,വാസ്തവത്തിൽ, എല്ലാ കവികളും എഴുതിക്കൊണ്ടിരിക്കുന്നത്.

കോവിഡ് നമ്മുടെ ശാരീരിക സഞ്ചാരങ്ങളെ പരിമിതപ്പെടുത്തി. നമുക്ക് രാജപാതകൾ ഇല്ലാതായി.അങ്ങാടികളും കവലകളും വിലക്കപ്പെട്ടു. ആൾക്കൂട്ടങ്ങളും കൂട്ടുചേരലുകളുമില്ലാതായി. വീടിനു മുന്നിൽ കറുത്ത തിരശ്ശീല വന്നു മൂടി നില്ക്കുന്നതു പോലെ .ഓടിയോടിത്തളർന്ന നമ്മുടെ കാലുകൾ ആദ്യമായി വിശ്രമമറിഞ്ഞു. പുറത്തേക്കു മാത്രം തുറന്നിരുന്ന നമ്മുടെ കണ്ണുകൾ തിരികെ നമ്മെ നോക്കാൻ തുടങ്ങി. നാം നമ്മെത്തന്നെ ശ്രദ്ധിച്ചു തുടങ്ങി.

പുറം വാതിലുകൾ അടച്ചപ്പോൾ അകം വാതിലുകൾ തുറന്നു. പുറത്തേക്കാൾ വിസ്തൃതമാണല്ലോ അകം എന്ന് അദ്ഭുതപ്പെടാൻ തുടങ്ങി. ആകാശവും കടലും മഴയും കൊടുങ്കാറ്റുമെല്ലാം ഇവിടെത്തന്നെയുണ്ടല്ലോ എന്ന അദ്ഭുതകരമായ തിരിച്ചറിവുണ്ടായി.

ഒറ്റപ്പെട്ടിരുന്നുകൊണ്ട് ലോകപ്പരപ്പിൽ എത്തുകയായിരുന്നു നമ്മൾ. സർഗ്ഗാവിഷ്ക്കാരങ്ങൾക്കും സംവേദനത്തിനും പുതിയ തുറസ്സുകൾ കണ്ടെത്തി.കോവിഡ്കാലം നമ്മുടെ സർഗ്ഗശേഷിയെ കെട്ടഴിച്ചു വിട്ടു എന്നതാണ് സത്യം .കുറേ കാലമായി പേന താഴെ വെച്ച് ഓടിയിരുന്നവർ അത് വീണ്ടും കയ്യിലെടുത്തു. ബ്രഷും ചായവും മൂലക്ക് ഒതുക്കി വെച്ചവർ വീണ്ടും കയ്യിലെടുത്തു.വീട്ടു ലൈബ്രറിയിൽ ചടഞ്ഞിരുന്ന പുസ്തകങ്ങൾ വീണ്ടും കൈ കൊണ്ടു തൊട്ടു.നേരം കൊല്ലി പരിപാടികൾക്ക് പകരം ടെലിവിഷനിൽ മികച്ച സിനിമകൾ കണ്ടു. വീടകങ്ങൾ തിയേറ്ററായി. വീട്ടുമുറ്റം സ്റ്റേജായി. ഒറ്റയാൾ നാടകങ്ങളുണ്ടായി. ഒറ്റയാൾ കവിയരങ്ങുണ്ടായി. ഏകാംഗ ഗാനമേളയും കഥാഗസലും ഉണ്ടായി. സോഷ്യൽ മീഡിയ സർഗ്ഗോത്സങ്ങളുടെ കൂത്തരങ്ങായി.

ഇതാണ് സർഗ്ഗാത്മകത .കൂരിരുട്ടിൽ അത് പന്തം നെഞ്ചത്തു കുത്തി നിൽക്കുന്നു. ഏതു കാനനത്തിലും സ്വന്തം നടപ്പാത വെട്ടിയുണ്ടാക്കുന്നു. വിലക്കുകൾ മറികടക്കുന്നു. വിലങ്ങുകൾ പൊട്ടിക്കുന്നു.

സർഗ്ഗാത്മകതയുടെ വസന്തർത്തുവിലേക്ക് ഒരു ജാലകം തുറന്നിടുകയാണ് 'വ്യാപാര കേരളം' ചെയ്യുന്നത്. സമുദ്രത്തിൽ നിന്ന് ഒരു കൈക്കുമ്പിൾ കോരിയെടുക്കന്നതുപോലെ. തിമിംഗലങ്ങളും ഡോൾഫിനും സമുദ്രാന്തർഖനികളിലെ മാന്ത്രിക ക്കാഴ്ചകളും ഇവിടെ ഉണ്ടായെന്നു വരില്ല. എങ്കിലും ഈ ജലക്കുമ്പിളിലുണ്ടാവും കടലിന്റെ ഇരമ്പങ്ങൾ. മായ്ച്ചു കളയാനാവാത്ത ഉപ്പുരസം. സമുദ്രത്തിന്റെ കണികാനുഭവങ്ങൾ.

മഴയെക്കുറിച്ചാണ് 'വ്യാപാരകേരള'ത്തിലെ ഇന്നത്തെ കവിതപ്പെയ്ത്ത്. കോവിഡിനുള്ളിലിരുന്ന് നമ്മുടെ കവികൾ കൊണ്ട മഴ. കവിതക്കൂട്ടിലിരുന്ന് അവർ കണ്ട മഴ. ഈ മഴകളിലേറെയും പുതുതാണ്. ഇന്നലെ വരെ പെയ്യാത്തത്. ഇന്നിനു വേണ്ടി മാത്രം പെയ്തത്. ഈ മഴയനുഭവങ്ങൾ കോവിഡനുഭവത്തിന്റെ സത്യസാക്ഷ്യമായി, കാവ്യത്തെളിച്ചമായി, മാറും.

*കോവിഡ് മഴയിൽ കുളിക്കാൻ വരൂ.*
*കവിത മഴ കൊള്ളാൻ വരൂ.*



# നിലാവ് പോലൊരു മഴ

മഴയിലുണ്ട്  നിലയ്ക്കാത്ത രാവിന്റെ
ഹൃദയമർമ്മരം നോവിന്റെ ശംഖുകൾ

ചടുലതാളം, മിഴാവുമായെത്തുന്ന
കരിമുകിലിന്റെ നീലിച്ച ശ്വാസങ്ങൾ

മഴയിലുണ്ടായിടാം പ്രണയത്തിന്റെ
മധുരസ്പർശം, നിലാക്കുളിർച്ചോലകൾ

നിറുകയിൽ തൊട്ടുപോകുന്ന ചെമ്പക-
ക്കുളിരു തൂവും സുഗന്ധവും സ്നേഹവും

തളിരിലകൾ. കിളിക്കൂട് തേടുന്ന
പ്രണയമൈനകൾ നീലക്കുയിലുകൾ

പുഴകളിൽ വന്ന് വിഴുന്ന കൈതോല-
യിലകളോർമ്മതൻ ബാല്യസല്ലാപങ്ങൾ

നഗരബന്ധിതമിന്നീമഴക്കാലമഴികളിൽ
വിലങ്ങേറ്റിനിൽക്കുമ്പൊഴും

പതിയെ ജാലകവാതിൽ തുറന്നിന്ന്
മഴപൊഴിയുന്ന കാഴ്ച്ച കാണുന്നു ഞാൻ

ഹൃദയമെല്ലാമൊരൊറ്റശ്വാസത്തിലായ്
പ്രണയമാകും നിലാമഴയാണത്.



**രമ പിഷാരടി**

# പുഴ മേഘക്കല്ലിനോട് പറയുന്നത്



സ്റ്റെല്ല മാത്യു

പുസ്തകം  തുറന്നതെയുള്ളൂ
മഴ
മാനത്തു നിന്ന് കുതിച്ചിറങ്ങി
മേല്ക്കൂരയുടെ ഓടിൻ വിടവിലൂടെ
ഊർന്നിറങ്ങി
പുസ്തകത്താളിൽ കളിയാടി നടന്നു
തണുപ്പു വിതറി
ഓരോ വരിയിലൂടെയും ഓടിച്ചാടി നടന്നു

പെരുമഴയത്താണ് ഞാൻ
കോളേജിൽ ചേർന്നത്
ആ കാരപ്പുഴ ഒഴുകി നിറഞ്ഞ്
ഓരോ വരിയിലും
കൊള്ളിയാനുകൾ മിന്നിച്ച്
ഇടനാഴികളിലെ കാലൊച്ചകളെ
അളന്നുകൊണ്ടിരുന്നു

ഇടിനാദങ്ങളുടെ
പെരുമുഴക്കത്തിലേക്ക്
സ്വപ്നത്തോണി ഒഴുക്കിവിട്ട്
വീണ്ടും വീണ്ടും പെയ്ത
മഴയിലേക്ക് നീന്തി
ഉള്ളങ്കൈയിലെ
കൊത്തിവെച്ച
കല്ലുവീടും
കുന്നിൻപുറത്തെ സൂര്യന്റെ
തണുപ്പിലെ പൊട്ടിത്തരിപ്പും
കാണിച്ചു തന്നു.

ഒരു
കർക്കിടകപ്പെയ്ത്തിലേക്ക്
കല്ലുവീട്
ഉടലഴിഞ്ഞു വീണത്
അറിയാതെ
പാതിയോളം ചെന്നിട്ട്
ഒരു പാവം
പാലം
പുഴയുടെ കാൽചുവട്ടിലേക്ക്
അത്രതന്നെ മണ്ണിലേക്ക്..
അടർന്നു
തുടർച്ചയില്ലാതെ
മഴ കെട്ടു.

ഓരോ പുഴയും
ഒരു ഘനീഭവിച്ച കല്ലിനെ,
മേഘക്കല്ലിനെ,
സ്വപ്നം കണ്ടാണ് ഉണരുന്നതെന്നും
ഉറങ്ങുന്നതെന്നും
അപ്പോഴാണ് ഞാനറിഞ്ഞത്.

# മഴയോർമ്മ

കുട വലിച്ചെറിഞ്ഞ്
പെരുമഴയുടെ സ്വാതന്ത്ര്യത്തിലെക്ക്
ചെളിവെള്ളം തെറിപ്പിച്ച്
കുപ്പായം ചുവപ്പാക്കിയ
മഴയോർമ്മക്ക്
ഒരു പ്രത്യേകമണമായിരുന്നു.

ആനന്ദാരവത്തോടെ പെയ്യുന്ന മഴ
കൺകുളിരെ കാണുവാൻ ചേല്.
ഒഴുകുന്നു വെള്ളം,
തോടുകൾ നിറഞ്ഞ്
പുഴയിലേക്ക്,
പുഴ നിറഞ്ഞ് കടലിലേക്ക്.
ജലരാശി തൻ മദനീരാട്ട്.

എനിക്കും നിനക്കുമിടയിൽ പെയ്ത്
തോരുന്നത് മഴയല്ല.
പരസ്പരം പങ്കുവെച്ചതിൻ
ജീവിതപാഠമാണ്.
മഴയോർമ്മകൾ
ഈറനായ സ്വപ്നങ്ങൾ
ബാക്കിവെച്ച് ജീവിതത്തെ
പ്രണയിക്കുമ്പോൾ
മനസ്സിലൊരു കർക്കടകം
വന്നണയുന്നു.



ജയപ്രകാശ് എറവ്



# മഴ

നിൻെറ ശബ്ദഘലനത്തിൽ
നിന്നൂറി വരുന്നൊരു
താളമാകാനീ രാത്രിയിൽ
മഴയോടൊപ്പം ഞാനും
കൊതിച്ചിരിപ്പൂ.
തളം കെട്ടി നിന്നൊരാ-
തൊടിയിലെ ചാലുകൾ;
പുതുനാമ്പുകൾ വിടരും
പുൽച്ചെടികൾ;
തളിർ മാമ്പൂ കൊഴിക്കും
മഴത്തുള്ളികൾ;
എനിക്കും നിനക്കുമിടയിലിങ്ങനെ
പ്രണയപരിഭവങ്ങൾക്കി-
ടയിലെ നീർമണിമുത്തുപോൽ
താളമിടാൻ കൊതിക്കുന്ന
മയിലാണു ഞാനിന്ന്..!



ദിവ്യ സി. ആർ



# സ്വപ്നത്തിലെ മഴ





കെ. എൻ. രഘുനാഥ്

സ്വപ്നത്തിൽ
നീ മഴയായിരുന്നു.
ആകാശത്തുനിന്നും
വെള്ളിനൂലിൽ കോർത്ത
പളുങ്കുമണികൾ പോലെ
നീ ഇറങ്ങിവന്നു.

നനവിന്റെ
സംസ്കാരമായിരുന്നു
നീ.
നിനവിന്റെ
നേർക്കാഴ്ചയും!

നിന്റെ ആലിംഗനത്തിൽ
ഞാൻ
കുളിരുകോരി.
ശിരസ്സ്, കഴുത്ത്
മാറിടം, നാഭി
കൈകാലുകൾ...
ശരീരമാകെ
നീ
ഒഴുകിനടന്നു.
എന്റെ ശരീരത്തിലെ
അഴുക്കെല്ലാം പോയി.
മനസ്സിലെ
ചൂടും.

സ്വപ്നത്തിൽ
നീ മഴയായിരുന്നു.
തൊടിയിലെ
പൂക്കളേയും
ചെടികളേയും
നീ തഴുകി, തലോടി
ഇളം കാറ്റിനൊപ്പം
നൃത്തം ചവിട്ടി.

പുതുമണ്ണിന്റെ മണം
പൂക്കളുടെ ചിരി,
വേഴാമ്പലുകളുടെ ചിറകടി

ആകാശത്തിലെ മേഘപാളികൾക്കിടയിൽ
ഒളിച്ചിരുന്നതുകൊണ്ട്
പൊടിപറ്റാത്ത
നിന്റെ മേനിയ്ക്ക്
ഏഴഴകായിരുന്നു.

നിന്നെ നോക്കി
ഏറെ നേരം
ഞാൻ കിടന്നു.

കിഴക്കുദിക്കിൽ
പുലരിയുടെ
മിനുക്കുപണി കണ്ട്
ഞാനുണർന്നപ്പോൾ
ജനൽപ്പാളികൾക്കിടയിലൂടെ
സൂര്യദേവൻ
എന്നെ നോക്കി
ചിരിക്കുന്നുണ്ടായിരുന്നു.
അതു കണ്ട്
എന്റെ ചുണ്ടിലും
അറിയാതെ
ഒരു ചിരി വിരിഞ്ഞു!
പൂ പോലെ... പുലരിപോലെ!!

# മഴമുഖങ്ങൾ





**ശ്രീജ വിജയൻ**

കത്തുന്ന ചൂടിന്...
കുടിനീരിന്....
ശമനതാളമായി വരുമെന്നത് -
പ്രതീക്ഷയായിരുന്നു.
കാത്തിരിപ്പായിരുന്നു.
വീണ്ടുകീറിയ പാടങ്ങളിലേക്ക് -
ജലാർദ്ര സംഗീതമായി
പുതുമണ്ണിൻമണമേറ്റ്-
ആലിപ്പഴമോർമയിൽ
കുതിർന്നലിയാൻ

വരാൻ വൈകിയപ്പോൾ
പരാതികളായി....
പരിഭവങ്ങളായ്....
സ്വയം പഴിക്കലായി

വന്നപ്പോഴോ
ആനന്ദം

പെയ്ത്
പെയ്തങ്ങനെ നിന്നപ്പോഴോ
ആശ്ചര്യം
പാടവും പുഴയും നിറഞ്ഞപ്പോൾ
സന്തോഷം

ആരും കാണാതെ
മലയിറങ്ങി
കാടിറങ്ങി
നാടു വിഴുങ്ങിയപ്പോൾ
ഭീതി
ഇതുവരെ കാണാത്ത
സംഹാര നടനം
ദുരിതക്കയത്തിലാക്കിയില്ലേ.
സർവവും നഷ്ടപ്പെട്ടവന്റെ
തോരാമഴ
സങ്കടപ്പെരുമഴ

കുത്തിയൊലിച്ചു പോയ ജീവിതങ്ങൾ
നീക്കിയിരുപ്പുകൾ
സ്വപ്നങ്ങൾ
തീക്ഷ്ണതയിൽ രേഖപ്പെടുത്താതെ,
നിസംഗമായി ചോദിക്കട്ടെ
എന്തിത്ര ചൊരിഞ്ഞീടാൻ -
പറയുന്തോറും ഏറി വന്നിടാൻ,
ഭൂമിയേ വെല്ലും
അല്ലൽ
പ്പെരുങ്കടലോ വാനം,

# മഴയുടെ അർത്ഥഭേദങ്ങൾ



തകർത്തു പെയ്യുന്ന മഴ
നിന്റെ ഓരോ പരമാണുവിലേക്കും
ഞാൻ പെയ്തിറങ്ങുന്ന അശാന്തനിമിഷങ്ങൾ
ഉടലിലും ഉള്ളിലും ഉന്മാദം ചീറ്റുന്ന
വിരുന്നുകാരിയായ മഴ
മഴത്തുള്ളികൾ അലുക്കുതൂക്കുന്ന
ഈ മുടിയിഴകളോട്
ഏതു ഭാഷയിൽ മിണ്ടാൻ?
ഈ താളബഹളങ്ങളോട്
എന്തു നിവേദിക്കാൻ?
കാട്ടിലവുകൾക്കുമേൽ ചോര വിതച്ച്
കരിമ്പുള്ളികുത്തിയ രാത്രി
ഒരു വനയക്ഷിപോലെ
മഴ തോർന്നുകിട്ടാൻ മരത്തുമ്പിലെ
ഒടുവിലത്തെ രാപ്പാടിയും മൂകപ്രാർത്ഥന
സ്വരത്തിന്റെ പുറന്തോടുപൊട്ടിവരുന്ന
രാഗം ഏതു ഭാവത്തിൽ?
അതിന് നിന്റെ മുഖച്ഛായയെന്ന്
കാട്ടുകിളികളുടെ സ്വകാര്യം
പാട്ടിന്റെ മാറിലേക്കു ചായുന്നത്
എന്റെ ഏകാന്തവീണയോ?
മഴയോട് എനിക്കു പിണക്കമാണ്.

കാരണം
അവൻ നിനക്കു മുന്നിൽ
നഗരത്തിലെ തെമ്മാടിച്ചെക്കനെപ്പോലെ
ഗോത്രവർഗക്കാരികളായ നിഷേധികൾ
ഇലയുടുപ്പുകൾ ഉരിഞ്ഞുമാറ്റി
പുഴയിൽ നീന്തുന്നു
പകൽ കാണാക്കാട്ടുദേവിമാർ
ഒഴുക്കിയ മൺവിളക്കുകൾ
നീന്തിപ്പിടിക്കാനാണ് ശ്രമം
ഞാനോ കരയിലെ പെൺപ്രതിമ
പൃതലിച്ച നിഴൽമൂടിയ ദൈന്യമേ
ഇനിയെപ്പോൾ വരും?
പ്ലാശിന്റെ താഴ്വേരിൽ തീർത്ത മെതിയടികൾ
നിനക്കാണ്
മഴയുടെ നാനാർത്ഥങ്ങൾ
എന്ന പഠിപ്പിക്കൂ
നദീമുഖം വീണ്ടും ആർദ്രം
നരിക്കുനികൾക്കരികിലെ
ഒറ്റയടിപ്പാതയിലൂടെ
പുലിനഖവും കവണയുമായി
ഗോത്രരാജാവേ വന്നാലും.



ഗിരിജ സേതുനാഥ്

# പ്രളയം



**പ്രളയം**
ചിലർക്ക്.....
തീരാവേദനയാണ്,
വറ്റാത്ത  കണ്ണീരാണ്,
വിശപ്പിന്റെ ആളലാണ്,
ദാഹത്തിന്റെ തളർച്ചയാണ്,
നഷ്ടപെടലിന്റെ നോവാണ്,
ഒറ്റപെടലിന്റെ വിങ്ങലാണ്,
ഭാവിയിലെ പേക്കിനാവാണ് .

**പ്രളയം....**
ചിലർക്ക്...
തകർന്നടിഞ്ഞ
മാളികകളാണ്,
ചലനം നിലച്ച കാറുകളാണ്,
ഒഴുകി മറഞ്ഞ മഞ്ഞലോഹ
തുണ്ടുകളാണ്,
ചുമരിലെ വെണ്മയിൽ
തെളിഞ്ഞ ... നേർത്ത
പായലിൻ വരകളാണ്,

**പ്രളയം**
ചിലർക്ക്
ഇരുളിലെ പതിഞ്ഞ നിലവിളിയാണ്,
നീട്ടിയ കൈളിൽ
ഏറ്റു വാങ്ങിയ വിശ്വാസമാണ്,
കൈകളിൽ നിന്ന് ഊർന്നകന്ന
നെഞ്ചു പൊട്ടിയ കരച്ചിലാണ്,
കയറിൽ ഉയർന്നുപൊങ്ങിയ
മാതൃത്വത്തിന്റെ ശക്തിയാണ്,
കണ്ണുകൾ ചിമ്മിയടച്ച്
വിതുമ്പിക്കരഞ്ഞ പുതു ജന്മമാണ്,
നീട്ടിയ ഭക്ഷണ പൊതിക്കായ്
ആർത്തിപൂണ്ട കൈകളാണ്.

എന്നാൽ
**പ്രളയം**
മററു ചിലർക്ക്
ബക്കറ്റിൽ വീഴുന്ന
നാണയത്തുട്ടുകളാണ്
വെട്ടിമാറ്റപ്പെട്ട
കൂലിയുടെ കണക്കാണ്
നീട്ടിയ കൈമടക്കിൽ
വച്ച് നൽകാനുള്ള-'
ഓർഡറുകളാണ് .
പ്രഖ്യാപിച്ച ഹർത്താലിനെ
പിൻവലിക്കാനുള്ള തന്ത്രങ്ങളാണ്.
എതിർ പാർട്ടിയെ വീഴ്ത്താനുള്ള
നാക്കു പിഴയക്കാത്ത
വാക്ശരങ്ങളാണ് .

എന്നാൽ
**പ്രളയം**
അത് പ്രണയമായിരുന്നു ...
ഒരുമയായിരുന്നു...
വഴിമുടക്കിയ മതിലുകളെ
പിഴുതെറിഞ്ഞ്,
പ്രവേശനം നിഷേധിച്ച
ബോർഡുകളെ പറിച്ചെറിഞ്ഞ്
ഭൂമിയെ തൊട്ടറിഞ്ഞ്
കുളിരണിയിച്ച്,'
പ്രളയത്തിന്റെ പ്രണയം.



ഉമശ്രീ



പാതയോരത്തു പെയ്യുന്ന മഴയ്ക്ക്
ഇരയാക്കപ്പെട്ട പെൺകുട്ടിയുടെ
ഛായയാണ്..
അവൾ മുഖം കുനിച്ച്
ദീനദീനം തേങ്ങുകയും
വെളുത്ത കാൽപ്പാദങ്ങളാൽ
മണ്ണിലാഞ്ഞു തിമിർത്ത് രോഷം തീർക്കുകയും ചെയ്യും...
പ്രണയമഴ പെയ്യുന്ന പുഴയോരങ്ങളുണ്ട്...
നാണം കുണുങ്ങിയായ
കന്യകയെപ്പോലെ അവൾ
കാൽനഖം കൊണ്ട്
മണൽതരികളിൽ വട്ടം വരച്ചുകൊണ്ടേയിരിക്കും...
നനുത്ത കാറ്റിനൊപ്പം
നാണത്തോടെ
മണ്ണിന്റെ നഗ്നമായ ഉടൽ ഭംഗികളിൽ
അമർത്തി ചുംബിക്കുന്നതു കാണാം...
മണ്ണിന്റെ മാദക ഗന്ധങ്ങളിലേക്ക്
ആഴ്ന്നിറങ്ങുന്നതും കാണാം..

കുന്നിൻ മുകളിലും നദികളിലും ചടുല നൃത്തം ചെയ്യുന്ന
പ്രളയമഴയുമുണ്ട്.
ദുർഗ്ഗാദേവിയെപ്പോലെ
സർവ്വതും നശിപ്പിക്കാനുള്ള രോഷമുണ്ടാകും
ആ താണ്ഡവനൃത്തത്തിന്!

ഒടുക്കത്തേത്
വീടിന്റെ ഇറയത്തിരുന്ന്
പതം പറയുന്ന അമ്മ മഴയാണ്...
അവൾ ഇടവഴിയിലേക്കു കണ്ണുനട്ട്
മെല്ലെ മെല്ലെ വിതുമ്പിക്കരഞ്ഞു കൊണ്ടേയിരിക്കും...
പിന്നെ ശോക താളമായി
അലിഞ്ഞലിഞ്ഞില്ലാതാകുന്നതുവരെ
ആവിയായിപ്പോയ
വിയർപ്പു പാടങ്ങളിലേക്ക്
ഇറ്റിറ്റു വീണു കൊണ്ടേയിരിക്കും...



ശോഭ ജി ചേലക്കര

# മഴയുടെ സ്ഥാനാന്തരങ്ങൾ

# മഴശലഭങ്ങൾ...

നിമ്മിഴിവിളക്കിന്റെ പ്രണയനാളങ്ങളിൽ മഴശലഭമായ് ഞാനെരിഞ്ഞുവീഴാം .. !
ഒരുവെറും പുഴുവിന്റെ പാഴ് ജന്മമേൽക്കാം ..
മഴയേറ്റുപുളയുന്ന മണ്ണിന്റെ മാറിൽനിന്നൊരു മഴപ്രാണിയായ് വീണ്ടും,,
ചിറകടിച്ചൊരു ജന്മമേറ്റിടാം ഞാനും.. !
നിന്റെ മിഴിനീരു വിരഹമായ് മഴചാറിവീഴുന്ന വഴികളിൽ കാത്തുനിന്നീടാം...
നീറുമൊരു തിരിനാളമായി ഞാൻ മാറാം ..!
നിന്റെ കാലടിപ്പാടുകൾ തേടാം.. !

പ്രണയാംബരങ്ങളിൽ മിഴിചിമ്മിയെരിയുമൊരു
വിരഹനക്ഷത്രമായ് നിന്നെ നോക്കാം...,, !
പറയാതെ പുലരിയിൽ മറയുന്ന നേരവും നിന്റെയഴലിന്റെ കനലുകൾ നെഞ്ചിലേറ്റാം...!
അതിലെരിഞ്ഞകലെയായ് മിഴിവാർത്തു നിന്നെയോർക്കാം..!
ഒരുമയില്പ്പീലിയിൽ ഹൃദയം പകുത്തെന്റെ പ്രണയാക്ഷരങ്ങൾ കുറിച്ചിടാം ഞാൻ..
വീണ്ടുമെൻ ഹൃദയാക്ഷരങ്ങളിന്നെഴുതിടാം ഞാൻ ... !
നിറവേനലെരിയുമീ  പകലിന്റെ പൊള്ളലായെന്നുള്ളിലെന്നേ ചേർത്തുനിന്നെ..
മഴയുള്ള രാത്രികൾ പ്രണയംതുളുമ്പി നിൻ ജാലകപാളിയിൽ  മിഴിയിറ്റിവീഴാം..!
പറയാത്തൊരായിരം മൊഴികളായ്
നീയെന്റെ നെഞ്ചിലനുരാഗമായ് പെയ്തിറങ്ങുമ്പോൾ  ...
ഒരു ചേർന്നുനിൽപ്പിന്റെ സുഖമായി ഞാനും  നിന്നിലനുരാഗചന്ദനം തൂകിവീഴ്ത്താം..!

ഹൃദയങ്ങൾ ചേർത്തുനാം പുലരികൾ പൂക്കുന്ന വിജനതീരങ്ങളിൽ മഴനനഞ്ഞും..,,
ജന്മാന്തരങ്ങളിൽ കാലം കുറിച്ചിട്ടൊരാത്മാനുരാഗങ്ങളേറ്റുമൂളി..,,
പ്രിയമെഴും പ്രണയാനുഭൂതികൾ നാമറിഞ്ഞൂ.. !
ഒഴുകുന്ന പുഴപോലെൻ  നെഞ്ചിൽ പടർന്നനിൻ മോഹമന്ദാരങ്ങൾ ഞാനിറുത്തു..
തഴുകുമെൻ കൈകളിൽ പുളകങ്ങളെഴുതി നീ,,
പുതുവീഞ്ഞു കിനിയുന്ന ലഹരിയേകീ...!
ഏതോ കിനാവിന്റെ സുഖമുള്ള നോവുകൾ -
പ്രിയമുള്ള പാട്ടുകൾ തീർത്തു നമ്മിൽ...
തോരാതെ പെയ്യുന്ന മുകിലായി ഞാനും
മഴയേറ്റ പുതുമണ്ണുപോലെ നീയും...

നീർമിഴിപീലിയിലൊരു  കരിമഷിചന്തമായ്, നെറുകയിൽ സിന്ദൂരചിത്രമായി..,,
നിന്റെ ലോകങ്ങളിൽ, നിൻ ജീവശാഖിയിൽ തളിരിടും  തരളമാമനുരാഗമാവാം...
ഞാൻ നിന്നിലൊരുവർണ്ണ ചിത്രമായ് മധുമാസചന്ദ്രനായ് പ്രണയനിലാവായ്
ചേർന്നുനിൽക്കാം.....
വീണ്ടുമൊരു പെരുമഴക്കാലമായ് പെയ്തുതോരാം.



**ലിജോ ജോസഫ്**

# നിലാമഴ

എന്നുമെൻ പ്രിയസഖിയായിരുന്നു നീ
എന്നുമീനെഞ്ചിൽ പ്രണയാർദ്രയായ് -
പൊഴിയുന്ന കുളിരായ്, അലയായ് നിലാ-
മഴയായ് വന്നെന്റെയരികിൽ നില്പോൾ!

ആരോ ഞൊറിഞ്ഞിട്ട വാനിലെ നീരദ-
ജാലകപാളിയിൽ മിന്നലായി,
നീർമണി മുത്തായി, വാനം ചുരത്തുന്ന
ഹർഷമായ്, വർഷമായ് നീ വരുമ്പോൾ

ഇന്നെനിക്കാധിയാണോമലേ നിന്നുടെ
പോയകാലത്തിന്റെ താണ്ഡവങ്ങൾ!
പെരുമഴപ്പെയ്ത്തിലീ ജീവിതത്തോണികൾ
പ്രളയപ്പെരുക്കത്തിലാണ്ടു പോകെ,

പ്രണയപ്പുതുക്കങ്ങൾ കൂട്ടി, ഹരിച്ചും -
ഗുണിച്ചും വശംകെട്ടു പോയ നാളിൽ
'വസുധൈവ ഗേഹ' സന്ദേശമുൾക്കൊണ്ടു
വസുക്കളീ വരമ്പറ്റു നിന്നിടുമ്പോൾ ,

ജാതി മതങ്ങളോ കക്ഷിഭേദങ്ങളോ
ഏതുമില്ലാതെ, ഒരുമിച്ചവർ,
ലോകാ: സമസ്താ: സുഖിനോ ഭവന്തു'വെ-
ന്നേകസ്വരത്തിലുറക്കെ പറഞ്ഞവർ,

അതിജീവനത്തിന്റെ പുനർജന്മവേളയിൽ
അതിമോഹമെല്ലാം അടിയറ വെച്ചവർ,
തോളോടുതോൾ ചേർന്ന് പോരാടിയോർ, ഇന്ന്
'ആളകലെ ' വായ്മൂടി നിന്നിടുമ്പോൾ,

വിറയുന്നു കാലുകൾ ഉള്ളം പിടയുന്നു
നിറമില്ലാ സ്വപ്നങ്ങൾ വേച്ചിടുന്നു!

കത്തിക്കാളുന്ന വേനലിൻ വേവിലായ്
എത്തുമോ ഇന്ദ്രധനുസ്സായി നീ

എരിയുന്ന കർഷകനെഞ്ചിലെ തീയാറ്റി,
പൊരിയുന്ന വയറുകൾക്കന്നമേകാൻ -
പണിയുന്ന കൈകളിൽ, പച്ചപ്പു നൽകി നീ
അണിമയായ് വരികെൻ നിലാവർഷമേ...





ഇ. സുമതിക്കുട്ടി



# മഴ വരഞ്ഞ ചിത്രങ്ങൾ

തെല്ലൊരു കൗതകത്തോടെയും,
ഒരിത്തിരി ഇളം പേടിയിലൂടെയും,
ഒത്തിരി നീറിയെരിയുന്ന നൊമ്പരപ്പാടിലൂടെയും,
അറിഞ്ഞു ഉതിർക്കുന്ന വികാരമാണെനിക്ക് മഴ.
ബാല്യത്തിൽ നനയാൻ കൊതിച്ചിട്ടും ചൂരൽ വടിയിലൊളിച്ചു നിൽക്കുന്ന
ഭീതിയിൽ മോഹങ്ങളെ ഉമ്മറപ്പടിയിൽ കയറ്റിയിരുത്തി.
കൗമാരത്തിൽ -
രാത്രി മഴയോളം ഭീതി
ജനകം മറ്റൊന്നില്ല.
സ്വപനങ്ങളുടെ താഴ്വാരങ്ങളിൽ -
മധുരപതിനേഴിനെ പങ്കുവെക്കുന്ന നിമിഷങ്ങളിലെപ്പോഴും ആർത്തു വിളിച്ചു
ജനലനരുകിൽ മഴനിഴലുകൾ ഭയപ്പെടുത്തി കടന്നു പോകും.
ഒടുവിൽ -
രാത്രി മഴയെ ഞാൻ പുതപ്പിനടിയിൽ കൊന്നു കളയും.
യൗവനത്തിൽ -
പ്രണയതീക്ഷണതയിൽ സിരയിൽ അഗ്നി - നിറച്ചവന്റെ മടിയിൽ കിടന്നു
നിമിഷ -
കവിതകൾ രചിക്കുമ്പോൾ
പ്രണയ മഴയോടിയെത്തും..
ചാറ്റലായി,
തലോടലായി,
കുസൃതിയായി,
കുറുനരിയായി,
കള്ളനായി...
പല ഭാവം ആയിരുന്നു പ്രണയ മഴക്ക്..
വാർധ്യക്യത്തിൽ-
മഴക്കു ആശ്രിത ഭാവമായിരുന്നു.
ചിരിപ്പിച്ച ഓർമകളുടെ,
കരയിപ്പിച്ച മറവികളുടെ,
മരവിച്ച ജീവിത പ്രാരാബ്ധങ്ങളുടെ,
ബന്ധങ്ങൾതൻ
ബന്ധനങ്ങളുടെ..
ഒടുവിലൊടുവിൽ മഴയൊരു നഷ്ട സ്വപ്നം ആയി..
ആത്മാവിൽ ചിതയൊരുക്കുന്ന
നഷ്ട സ്വപ്നം..



ശ്രീകുട്ടി മൂത്തേടത്ത്



# രാഗമഴ

ഈറനാം ഈ പ്രഭാതത്തിൽ
ഈണമുള്ളൊരു പാട്ടുമായി
ഈരടികളാലൊരു ചിന്തുമായി
വന്നണഞ്ഞൊരു വാനമ്പാടി നീ

നിന്റെ മുഗ്ദ്ധമാം തലോടലും
നിന്റെ മധുരമാം നിസ്വനവും
എന്റെ സ്നിഗ്ദ്ധമാം കർണ്ണങ്ങളിൽ
ദേവദുന്ദുഭി രാഗമായിടും

അണഞ്ഞുവെൻ ചാരെയായി നീ
മാറോടണച്ചുവെൻ വികാരങ്ങളെ
മൃദുലമാം നിൻ  വിരൽത്തുമ്പിനാൽ
പുളകമണിയിച്ചുവെൻ ചുടു നിശ്വാസങ്ങളെ

സ്വരരാഗലയങ്ങളാലൊരു മന്ത്രധ്വനിയായ്
സൗന്ദര്യധാമമായ് വിടർന്നു അവളെൻ
ചേതോവികാരമാം ശയ്യാതലത്തിൽ
ആനന്ദഭൈരവി  രാഗമായി

പല്ലവിയും അനുപല്ലവിയും മൂളിയവൾ
ആത്മാനുരാഗത്തിൽ ലയിച്ചുപോയി
നിർവൃതി പൂണ്ടു ഞാൻ പൂകിയല്ലോ
മോഹനരാഗത്തിൻ സ്വർഗ്ഗവാതിൽ



പ്രിയ ശ്രീകുമാർ



# കാലാവസ്ഥാ വ്യതിയാനം

വീട്ടിൽ നിന്നിറങ്ങുമ്പോൾ
ആർദ്രതയുടെ...
മഴ പെയ്യുന്നുണ്ടായിരുന്നു.
ചെന്നു കയറിയ
സ്ഥലത്ത്
അസഹിഷ്ണുതയുടെ...!
വെയിൽ
തിളയ്ക്കുന്നുണ്ടായിരുന്നു.
അതുകൊണ്ട്,
സ്നേഹത്തിന്റെ
കുട മറന്നു വയ്ക്കുന്നത്...
ഇപ്പോൾ പതിവായിരിക്കുന്നു.



ശ്രീനിവാസൻ പി.കെ.

# വിതുമ്പിക്കരഞ്ഞും ...

വിതുമ്പിക്കരഞ്ഞും..,
ചിണുങ്ങിത്തിരിഞ്ഞും ..,
ഇടയ്ക്കിടെ കണ്ണുകൾ,
തോർത്തിയും.. വീഴ്ത്തിയും..
ചിലപ്പൊഴൊ കവിൾത്തടം
ഉണക്കിയും വരട്ടിയും..,
മുഖമാകെ തെളിഞ്ഞും..,
മുരൾച്ച കൊണ്ടൊളിഞ്ഞും..
ചിലരൊക്കെ ശപിച്ചും..,
ചില നേരം പിഴച്ചും..,
പലപ്പോഴും നിനച്ചതായ്
പലരൊക്കെ പറഞ്ഞും..,
ചിരിച്ചും.. കളിച്ചും..
കണ്ണീരാൽ മൂടിയും...,
ചെറുക്കെ വന്നിടിച്ചും..,
വെളുക്കെ വന്നുലച്ചും..,
പതിയെ വന്നും..
പറയാതെ പോന്നും..,
പര പരാ നോക്കവെ..,
പിരിപോയ പെണ്ണു പോൽ,
ആ വഴി.., ഈ വഴി..,
അവൾ .., എന്റെ മഴ..!



**നിത്യലക്ഷ്മി എൽ.എൽ.**




മേൽക്കൂര
മാനമായൊരു
നൗകയിലേക്ക്
നീയിങ്ങനെ
നിറുത്താതെ
ഊർന്നിറങ്ങുമ്പോൾ
നിസ്സഹായതയുടെ
കണ്ണുനീർ വീണാണ്
കടലേ, നീയിത്ര
നീലിച്ചുപോയത്,

തുലാസിലാടുന്ന
പ്രാണനും,
പൊരിയുന്ന
വയറും മാത്രം
സ്വന്തമായവർക്ക്
ആകാശത്തിന് കീഴിൽ
പച്ചിലക്കിരീടമണിഞ്ഞ
കരയൊരു
വിദൂരസ്വപ്നമായ്
അവശേഷിക്കുമ്പോൾ,
പുതുമണ്ണിന്റെ
ചൂരിനേക്കുറിച്ചും,
മഴ കഴിഞ്ഞ്
മരം പെയ്യുമെന്നും
സഹചരർ
പഴങ്കഥ പറയാറുണ്ട് ,

കരതൊടാനുള്ള
കനവുകൾക്ക് മീതേ
ഭൂമിയുടെ അധികാരികൾ
വെടിയുതിർക്കുമ്പോൾ
ഉപ്പ് കാറ്റാണ്
സാന്ത്വനമായോടി
യെത്തുക,

അന്ത്യമില്ലാത്തൊരീ
യാത്രതുടരവേ,
ചാരിനിൽക്കാനൊരു
ചുമരില്ലാത്തവരുടെ
സ്വപ്നത്തിലേക്ക്
ചേക്കേറുകയാണ്
ഒരുപിടി മണ്ണും,
മേൽക്കൂരയുള്ളൊരു വീടും
മുറ്റംനിറഞ്ഞൊരു മഴയും...!



# സ്വപ്നമാണ് മുറ്റം നിറഞ്ഞൊരു മഴ



രാജേശ്വരി തുളസി

# മഴ

ആർത്തലച്ച് പെയ്യുന്നു
കടത്തിണ്ണയുടെ
ഓരങ്ങളിൽ
ചേർന്നു ചേർന്നുറങ്ങുന്നു.

പെയ്ത്തു വെള്ളം
മേഘക്കണ്ണാൽ
വാർന്നു വാർന്നു വീഴുന്നു
തോർന്നു തോർന്നു
തോരുന്നു.

അൽപ്പനേരമിരുട്ടിനെ
പിഴിഞ്ഞു നിന്നു
മിന്നാമിനുങ്ങ്.

അകലെ
രണ്ടു കാർമേഘങ്ങൾ
ചോർന്നു പോയ
മഴത്തുള്ളിയെ ഓർത്ത്
അറിയാതെ
നെടുവീർപ്പിടുന്നു.

ഒരു കുഞ്ഞു നക്ഷത്രം
മുഖമുയർത്തി,
ആകാശത്തെനോക്കി
കണ്ണു ചിമ്മിക്കൊണ്ട് പറഞ്ഞു;
നവയുഗത്തിൻ
പഴമയോ ഞങ്ങൾ.

പെട്ടെന്ന്
ഇടിമിന്നൽ വന്നതും
എല്ലാം
നിശബ്ദതയിലാഴ്ന്നുപോയി.



# 'വഴി തിരഞ്ഞ്'

കൂടെയിരുന്നവൻ
കട്ടുതിന്നതും
നാവടക്കി
മിണ്ടാതിരുന്നതും വിന.

ഇനിയും
തന്റേതല്ലാത്ത
കാരണത്താൽ
ജലം
വഴി തിരഞ്ഞ്
വരുന്നതിനെ
പ്രളയമെന്ന് പഴിക്കരുതെ

ഫ്ളാറ്റുകൾക്കിടയിൽ
ജലം
വീർപ്പുമുട്ടുന്നത്
അന്ധയായതുകൊണ്ടല്ല !

പണ്ടു പണ്ട്
അതിന്റെ പൂർവ്വികർ
സൈ്വര്യമായ്
നീന്തിത്തുടിച്ചിടം
രഹസ്യമായെങ്കിലും
അതിന്
കാട്ടിക്കൊടുക്കണേ.



ഹരിദാസ് എം.യു



# മഴയൊരു യക്ഷി



മുക്ത വാര്യർ

മിഴികളിൽ പ്രണയമൊളിപ്പിച്ചുവെച്ച സുന്ദരി
കാതരയായെൻ ഹൃദയം കവർന്നു
ഏകാന്ത ദിനരാത്രങ്ങളിലെപ്പോഴോ
അവളെന്നിൽ നിറവാർന്നു നടമാടി
കദനങ്ങളും കൽമഷങ്ങളും പെയ്തൊഴിഞ്ഞ്
ഞാനൊരു സ്ഫടികബിംബമായി

അവളൊരു യക്ഷിയെന്നറിയുവാൻ വൈകി
അകാലമൃത്യു പുൽകിയൊരു പാവം പെണ്ണ്
അവർ - ആ കഷ്മലന്മാർ വെട്ടി നിരത്തി
അവളുടെ പ്രിയപ്പെട്ട സർവ്വരേയും
മലകളും, വനങ്ങളും, പുഴകളും
അവളുടെ മുന്നിൽ പിടഞ്ഞൊടുങ്ങി

വിരഹത്തീ നെഞ്ചിലൊതുക്കി, വേദന മിഴികളിലടക്കി
അവളെനിക്കായി നൃത്തമാടിക്കൊണ്ടേയിരുന്നു
കണ്ണീരിന്നണപൊട്ടിച്ചിതറും വരേയ്ക്കും
ഒരുനാളവളൊരു സംഹാരവേഷം പൂണ്ടു
ഘോരതാണ്ഡവമാടിയെൻ മുന്നിൽ
ഭീതിപൂണ്ടു നോക്കിനിൽപ്പാനെയായുള്ളെനിക്ക്

പ്രളയം കടപുഴക്കിയ അസ്ഥിവാരത്തിൽ
ദിഗന്തം മുഴങ്ങുമാറ് ദീനരോദനങ്ങളുയർന്നു
മണ്ണിന്റെ മാറ് ചൂഴ്ന്നു നിണം പുഴയായൊഴുകി-
മഴയുടെ കൈകളൊഴുക്കിയ കണ്ണീർപ്പുഴ
ഇരുണ്ട ആകാശച്ചെരുവിലൊരു തരി
മിന്നൽപോലും പ്രകാശമേകിയില്ല

അതിരുകൾ മറഞ്ഞു മതിലുകളിടിഞ്ഞു
വീടുകളൊന്നായി മനുഷ്യരൊരുമിച്ചു
മുഖംമൂടികളഴിഞ്ഞൊരേ ഛായയായവർ
പരസ്പര പൂരകങ്ങളായി ദുരന്തത്തോടേറ്റുമുട്ടി
നോവയുടെ പേടകത്തിൽ മുക്കുവരായി,
വിമാനത്തുമ്പിയിൽ രക്ഷകരായ് ദേവദൂരതെത്തി

നേരിന്റെയും നന്മയുടെയും വക്താവായ,
വാക്കിനു വിലയേകാനായ് ശിരസ്സുനമിച്ച
രാജന്റെ പ്രജയിലൊരാളബലർക്കു കല്പടവായി
മനുഷ്യത്വത്തിന്റെ ഉത്തമ ദൃഷ്ടാന്തമായി
സഹാനുഭൂതിയും സഹവർത്തിത്വവും പുലരട്ടെയെന്നു
കാട്ടിത്തരുവാനായി വന്ന മഴയുടെ അവതാരം

ഒരുവനെ മറ്റൊരുവന് കാട്ടിക്കൊടുക്കാനായി
നൂറ്റാണ്ടിലൊരിക്കലെത്തുന്ന ശുദ്ധികലശം
സൃഷ്ടി സ്ഥിതി സംഹാര മൂർത്തികൾ
പ്രജ്ഞയറ്റു നിന്നുപോയ നിമിഷങ്ങൾ
മതവും, രാഷ്ട്രീയവും, ദുരഭിമാനവും
കുത്തൊഴുക്കിലെങ്ങോ മറഞ്ഞുപോയി

മഴയക്ഷി ദംഷ്ട്രയിറക്കി അശുദ്ധനിണമൂറ്റി
ധമനികളിൽ പുണ്യാഹം തളിച്ചു നവജീവനേകി
കാലങ്ങളായി പതിഞ്ഞ പാപക്കറകൾ
പ്രളയജലത്തിനാൽ കഴുകി വെടിപ്പാക്കി

അണപൊട്ടിയ കദനപ്പാച്ചിലിനൊടുവിൽ
സംഹാരവേഷമഴിച്ചവൾ പടിയിറങ്ങി

വർണ്ണപ്പൂക്കളമില്ലാരവമില്ലാഘോഷമില്ലിക്കുറി
മാവേലിമന്നനെ വരവേൽക്കാനായി
തുമ്പപ്പൂവും തൃക്കാക്കരത്തേവരുമില്ല
എങ്ങും ചേറും ചെളിയും നിറഞ്ഞ മണ്ണിൽ
സഫലമാം മാനവസേവതൻ തെളിമമാത്രം
ഓണത്തപ്പനാശിച്ചതും അത്രമാത്രം

പ്രളയതാണ്ഡവം മതിയാക്കിയെൻ സഖീ
പ്രണയഭാവത്തിൽ തിരികെ വരൂ
വഴിക്കണ്ണുമായി നോക്കിയിരിപ്പൂ നിൻ
ആത്മമിത്രമേറെ പ്രാർത്ഥനയുമായ്
മാനവതയുടെയുത്തമ പാഠമൊന്ന്
മാലോകരെയൊക്കെയും പഠിപ്പിച്ചു നീ

പ്രതികാരാഗ്നിയണച്ചു ശാന്തയാകൂ
മുറിവേൽപ്പിച്ചവർക്ക് മാപ്പു നൽകൂ
നഷ്ടപ്രതാപം വീണ്ടെടുക്കാനായ്
കനിവിന്റെ കടലാസ്സു തോണിയേറി
പഴയ കളിക്കൂട്ടുകാരായ് നമ്മൾ
ക്കൊന്നിച്ചു തുഴഞ്ഞേറിപ്പോയിടാം.



# പെയ്ത്ത്

മാരിവില്ലഴകിന്നകമ്പടിയോടെ
മാനത്തുനിന്നങ്ങു പൊട്ടി വീണോൻ
മാനായി തുള്ളിക്കളിച്ചീ-
മണ്ണിൻമണം എനിക്കു തന്നോൻ
മയിലായി നൃത്തമാടിയെൻ
മനമെന്നും കവർന്നോൻ
മയിലുകൾ താണ്ടിയണഞ്ഞിടും
മാരനവൻ യുദ്ധവീരൻ
മാനത്തു വാൾപ്പയറ്റിൽ ജയിച്ചോനവൻ
മാരന്റെ വരവറിവാനായ്
മരം കേറിയ കാന്താരി കുരുമുളകവളിന്നു
മേൽക്കുമേലാലസ്യത്താൽ തളർന്നിടുന്നു
മണ്ണിൽ പതിച്ചിടും മഴ മുത്തിനെ
മുത്താൻ കൊതിക്കാ മാനസമുണ്ടോ
മനവും തനുവും കുളിരാൽ കുളിരുമ്പോൾ
മഴയെ നിന്നെക്കുറിച്ചൊന്നെഴുതിടട്ടെ ഞാനും
മുറിയാത്ത വരികളാൽ നിന്നെ തളച്ചിടട്ടെ...



**സവിത ദാസ്**



# വർഷ പ്രണയിനി

ഇടവപ്പാതി തൻ സുന്ദരിയാം വിരുന്നുകാരി
ഇന്നിതാ വിതുമ്പിക്കരഞ്ഞു കൊണ്ടോടി വന്നു
തെന്നൽ വന്നു തഴുകി തലോടി എങ്കിലും
ഭൂമിതൻ മാറിൽ മുഖം പൂഴ്ത്തി
കണ്ണീരൊഴുക്കുന്നു
അവൾ തൻ അശ്രുധാര ഏറ്റൊരു ധരണി
തൻ കിടാങ്ങൾക്കായ് പാൽ ചുരത്തീടുന്നു
ഓരോ തരുക്കളും പുൽകളും പൂക്കളും
ആനന്ദലബ്ധിയിൽ ആറാടിടുന്നു
പൊൻ ചിങ്ങത്തേരേറി വന്നൊരു സൂര്യൻ
ആ മനോഹരി തൻ വാർമുടി ചിക്കി ഉണക്കി
എങ്കിലും സ്ഥായിയാം ദു:ഖഭാവത്തിന്ന്
തെല്ലും കുറവ് വന്നതില്ല
വേനലാം കാമുകനാഗതനാകാതെ
ആ വർഷ പ്രണയിനിക്കാഹ്ലാദമുണ്ടോ????????



ആശ രാജീവ്



# മഴ



പിരപ്പൻകോട് സുരേഷ്

മേഘത്തിൽ വിഹരിച്ചു മഴത്തുള്ളിയായ് ചിതറുവാൻ എനിക്കതിയായ മോഹമുണ്ട്.
വികാരപുഷ്പങ്ങളുടെ നിലയ്ക്കാത്ത
ഗന്ധം മഴത്തുള്ളികൾക്കുണ്ടെന്നും,
ചന്ദനമുട്ടിപോലുള്ള ശരീരത്തിൽ തുള്ളിയായിപ്പതിച്ച് ,യുവത്വത്തിന് പുതിയൊരു മാനം കണ്ടെത്താനായില്ലെങ്കിലും
ഞാനെന്ന മഴതുള്ളിക്ക് പൂമേനിയെ തഴുകാനുള്ള ഭാഗ്യം കൈവരുമെന്നുമുള്ള സത്യം ഞാൻ എന്നും സ്വപ്നം കാണാറുണ്ട്. അതെ സ്വപ്നം കാണാറുണ്ട് ...ദേ ഇങ്ങനെ.

നിലാമഴ പെയ്യുന്ന രാവിൽ മദിച്ചുപാടുന്ന നിലാപക്ഷി ...
ഓടിമറയുന്ന മഴമേഘങ്ങൾ നിലാസ്വപ്നം പോലെ താണും പൊങ്ങിയും..
വർണ്ണ വിരാജിതരായി വിലസുന്നു
എന്തൊരനുഭൂതി ......
സരസ്വതിയുടെ വീണക്കമ്പിനാദംപോലെ മഴക്കാറ്റ് ചൂളമടിക്കുന്നു
വെങ്കലത്താമ്പാളത്തിൽപതിച്ചു കിലുകിലംപാടുന്ന മഴത്തുള്ളികൾ
ചെമ്പൈസംഗീതംപാടി വട്ടംപറക്കുന്ന ഓരായിരം തേനീച്ചകൾ
സ്തൂപികാഗ്രവൃക്ഷത്തിന്റെ ചന്ദന നിറമൊത്ത ഗാത്രവുമായി
സുന്ദരിയാംസന്ധ്യ തല്പമഞ്ചത്തിൽ ഞെരിപിരികൊള്ളുന്നു
കാമവികാരങ്ങളുടെ ഇരവുംപകലും സന്നിവേശിച്ച കന്യകയെപ്പോലെ
പ്രകാശത്തിന്റെ ഉടുപുടവകളുരിഞ്ഞ് പ്രകമ്പനം കൊള്ളുകയാണവൾ
സൂര്യനെ വലംവയ്ക്കാൻ വിളക്കിനാകുമെന്ന ഭാവം ജ്വലിക്കുന്നു
വാസരങ്ങളെയും വത്സരങ്ങളെയും നൂറ്റാണ്ടുകളാക്കാൻ തയ്യാറാണവൾ
കമ്പിയിൽക്കോർത്തടുപ്പിൽക്കാട്ടിയ മാംസത്തെ ചുട്ടുപൊള്ളിക്കാൻ
തീക്ഷ്ണരശ്മികളിലലിഞ്ഞു സ്വേദഗന്ധമുതിർക്കാൻ അവൾ തയ്യാർ.
സ്വപനത്തിന്റെയവസാനം .. കണ്ണുതുറന്നപ്പോൾ ..പശ്ചാത്താപം മാത്രം ബാക്കി.

മഴയായിപ്പിറക്കാൻ ഇനിയെത്ര ജന്മം ജീവിച്ചുമരിക്കണം
എന്റെ ശിരസ്സിലും സിരയിലും മഴ പെയ്തുകൊണ്ടേയിരിക്കുന്നു
വെളിച്ചമുണ്ടായിട്ടും പലവട്ടം കണ്ണുകളിലിരിട്ടുകയറിയതിന്
കാരണവും മഴ തന്നെ.
സ്വന്തം ചിതയിൽ എരിഞ്ഞടങ്ങുമ്പോഴും ഒരേയൊരാഗ്രഹം, മഴയാവണം.
ഞാനിന്നു സന്തോഷവാനാണ്,കാരണം മഴയായി പുനർജ്ജനിക്കാനുള്ള എന്റെയാഗ്രഹം നിങ്ങളുമായി പങ്കുവച്ചതിൽ ...

# ഓർമ്മച്ചന്തം

പോയവർഷത്തിൽ പ്രളയ ദുരിതക്കയ-
ത്തിൽ മുക്കിയ നീയൊരു കണ്ണീർ മഴ!
എങ്കിലും നിൻ നൽ ഓർമ്മകൾ ചിലങ്കകെട്ടി-
യെത്തുന്നു, എൻ ഉള്ളം തുള്ളുന്നു തുളുമ്പുന്നു.
മഴയേ നീ, ചേമ്പിലത്തളിരിലിളകും വൈഡൂര്യ-
മണി, പാലരുവിയിൽ പതയും നിറചിരി,
ഒരു കുടക്കീഴിൽ മുട്ടിയുരുമ്മും ബാല്യത്തെ ചരൽ വാരി-
യെറിയും വികൃതി, സുഖദമാം പുലരിയുറക്കത്തെ തട്ടിയുണർത്താൻ
ചില്ലുജാലകചാരെയെത്തും മുതുമുത്തശ്ശി,
താരിൻ തളിരിൻ നിറവാൽ മണ്ണാംപെണ്ണിനെ നവ-
വധുപോൽ സുന്ദരിയാക്കും കുളിർപ്രാണസഖി.
പൊൻവെയിൽ പ്രഭയിൽ നീ മുല്ലപ്പൂവായി
പൊഴിയുമ്പോ...ളൊരു പഴമൊഴിയമൃതം
ഞാൻ നുണയുന്നു; കുറുക്കൻ തന്നുടെ കല്യാണം.
നറുനിലാവിനു നീയേകും നനവിനുമുണ്ടല്ലോ
എന്തെന്നില്ലാത്തൊരു അസുലഭ മാദകചന്തം.
പക്ഷേ, പാതയിൽ നീയൊരു വെൺ-
നാഗമായി ചീറ്റിയിഴഞ്ഞെത്തി ധൃതഗതി-
യിൽ രൗദ്രാകാരം പൂണ്ട് ഭൂമിയാം പാവം,
സുന്ദരി പച്ചമണ്ഡൂകത്തെ വിഴുങ്ങല്ലേ,
ഭയത്താൽ ഇടറും കണ്ഠത്തോടെ താണുകേണ-
പേക്ഷിക്കുന്നു; അരുതരുത് ഇനിയും നിൻ താണ്ഡവം
സൗമ്യപൂമഴയായി കല്പകമിത്രമായി നീ
പെയ്തിറങ്ങൂ, വാഴുക നീ, കേഴും വേഴാമ്പലാം
ഞങ്ങൾക്ക് ദാഹജലമായി നീ, മഴനീർമണിയേ.
നിൻ വരവാൽ ഉടലും ഉയിരും കുളിരട്ടെ.





ഡോ. സരസ്വതി ശർമ്മ

# വേനൽമഴ



ആടിത്തിമിർത്താർത്തു പെയ്തിറങ്ങീ മഴ
ആറിത്തണുത്തൂ ഹൃദയതാപം
ആഴത്തിൽ വേരുറപ്പിക്കുവാനോ മഴ
ആവശ്യമില്ലാതെ പെയ്തിറങ്ങീ
ആശിക്കുവാനൊട്ടു മർഹതയില്ലാത്ത
ചാപല്യമോ എന്നിൽ അങ്കുരിച്ചൂ ?
സ്നേഹ കുളിർമഴയായി നീയെത്തുമെ-
ന്നാശിച്ചതാണോ കൊടിയ പാപം?
മീനക്കൊടുംവെയിൽ ചൂടാണു മാനസം
വേനൽമഴയായി നീ വരുമ്പോൾ
പെട്ടെന്നു തോരുമെന്നോർത്തതില്ല വെറും
മിഥ്യയാണെന്നുമീ പ്രണയമാരി
നാട്യത്തിൽ നിന്നെ കവച്ചു വെക്കാൻ
മറ്റു നർത്തകർ വേറെയൊട്ടില്ല തന്നെ ...



**വിപിൻ പുത്തൂരത്ത്**



# ജലച്ചാമരം

മൂളിപ്പാട്ടൊന്നു പാടി
പുതുമണ്ണിൻ ഗന്ധത്തിൽ
കാട്ടുമലരിൻ മണം ചേർത്തു
എന്നെത്തൊടാൻ വന്നൊരു മഴ!
തരുണീ നർത്തകിയെപ്പോൽ
പച്ച തലപ്പിലാടിക്കളിച്ചു...
എന്നെ തഴുകാൻ വന്നതോ
അഴകുള്ളൊരീ കുളിർമഴ...
പ്രണയസ്മൃതിയുണർത്തിയെന്തോ
തന്നു പോകാൻ വന്നതാണോയീമഴ?
തന്നിലേയ്ക്കണച്ചിതാ മേദിനിയും
മഴ സീൽക്കാരങ്ങളാൽ ധന്യയായി -
ഭൂമി തന്നകിടു നിറച്ചും
നഷ്ടസ്വർഗങ്ങളിൽ പച്ചതൊറിഞ്ഞും
എന്തെന്തു ഭാവങ്ങളേകി നീയും!
എങ്കിലുമംഗനേ
നിൻ ചില ശീലങ്ങൾ
കരളിലിറ്റും വേദനയാകും..
ആമോദമെന്തെന്നറിയാതെ
ഹൃത്തിൽ കഷ്ടശിഷ്ടങ്ങളേറെ -
പേറും കർഷക ദൈന്യരെ,
സുന്ദര വർഷമേ അറിയുക നീ...
വറുതി ദുരിതക്കുഴിയിലെ വിശപ്പു -
പുതച്ചു മയങ്ങുമീയശരണരെ
ഗൗനിക്കാത്തൊരഹംങ്കാരിയാകല്ലേ..
സ്വപ്ന ചക്രവാളങ്ങളിൽ മാരിവിൽ
തീർത്തു ജലച്ചാമരം വീശണേ...



**അജിത രാജൻ**




# പ്രണയമഴ



ഡോ. സുമതി അച്യുതൻ

പ്രണയമഴ പെയ്തിറങ്ങിയ രാവിൽ,
ഈറൻ നിലാവിന്റെ ലാസ്യ ലഹരിയിൽ,
മലയാളമണ്ണിനെ കുളിരണിയിച്ച
ആഷാഢ മാസ കുളിർകാറ്റിൽ,
എൻ പ്രണയം പൂത്തുലഞ്ഞല്ലോ.
ആർത്തലച്ചു പെയ്തു തിമിർക്കുന്ന,
നിന്റെയാ സ്പർശനസുഖം അറിയുവാനായി,
കുടയെടുക്കാതെ ഞാൻ നനഞ്ഞിറങ്ങി.
നനുത്ത കാറ്റിൻ കുളിർ കൊള്ളുമ്പോഴും,
ഓർക്കുവാനായി ഒരു പിടി നഷ്ടങ്ങളും നീ തന്നല്ലോ,
നനഞ്ഞൊലിച്ചു നിന്നു ഞാനോരോ മഴയിലും,
നിറപുഞ്ചിരിയുമായ് നീയെന്നെ വരവേറ്റു,
ഈറൻ മുടിക്കെട്ടിൽ നിന്ന് ഇറ്റിറ്റു വീഴുന്ന
ജലകണങ്ങൾ തൻ ശോഭ കണ്ടെൻ മനം ആർദ്രമായി.
ജന്മജന്മാന്തരങ്ങളായി നാം കണ്ട
മേഘക്കീറുകൾ ഘോരം ഘോരം ഗർജ്ജിച്ചു
പെയ്തിറങ്ങി ഈ ഭൂമിതൻ മടിത്തട്ടിലേക്ക്.
ഓർക്കുവാനായ് എന്തെങ്കിലും നൽകിയ മഴനിലാവെ,
നീ പൊഴിച്ച കണ്ണു നീരായിരുന്നോ... ഈ മഴ..?



# പ്രവാസി



ശ്രീവൽസൻ എം. ജി.

മഴക്ക് ഈ ഭൂമിയോട് എന്നും പ്രണയമായിരുന്നു.

ദൂരെ പാരിജാതങ്ങൾക്കു മുകളിൽ ജനിച്ച മഴ, ജീവനഗാനം പാടി പ്രണയിനിയാമീ ഭൂമിയെ മേടമാസത്തിലെ ശുഭമുഹൂർത്തത്തിൽ വേളികഴിച്ചെത്തുന്നു ...

അവരുടെ ദാമ്പത്യം ഇടവവും,മിഥുനവും,കർക്കിടവും തിമിർത്തു പെയ്യുന്നു.

ജീമൂതവാഹിയായ് പെയ്തുതുടങ്ങി,പ്രണയത്തിന്റെ പുതുനാമ്പുകൾ ഭൂമിയിൽ വിടർത്തി ചിങ്ങത്തിൽ അവർ ഓണം കൊണ്ടാടും.

പക്ഷെ അനിവാര്യമായ വേർപാട് അവരെ കാത്തിരിക്കുന്നത് അവനി അറിയുന്നില്ല...

തന്നെ കാത്തിരിക്കുന്ന ഭൂമികകളിൽ അമൃതവർഷിണിയായ് പെയ്തിറങ്ങാൻ യാത്രയാകുന്ന മഴതന്നെയാണ് ആദ്യപ്രവാസി .

പ്രണയിനിയായവളിൽ വിരഹംനിറച്ച് കടന്നുപോകുന്ന അവന്റെ പ്രവാസജീവിതം പക്ഷെ ചെന്നെത്തുന്ന തീരങ്ങളെയാകെ സ്വന്തമെന്നപോലെ പരിപാലിച്ചു നവജീവനമേകുന്നു.

മധ്യവേനലവധിക്കു പ്രിയപ്പെട്ടവരെക്കാണാൻ വെമ്പുന്ന ഹൃദയവുമായ് ഒഴിവെടുത്തോടിയെത്തുമ്പോൾ കൈ നിറയെ ആലിപ്പഴങ്ങളാം സമ്മാനപ്പൊതികൾ അവർക്കായവൻ കരുതിയിരിക്കും.

ഒടുവിൽ കാവുകളിലും മരക്കുടിലുകളിലും പെയ്തിട്ടും തോരാതെ
ഗൃഹാതുര ഓർമ്മകൾ അയവിറക്കിയും
നമ്മെ പ്രണയിക്കാൻ പഠിപ്പിക്കുമീ പ്രവാസി

# പുതുമഴയല്ലാതെ



സുഗുണ രാജൻ പയ്യന്നൂർ

ഇത്രമേൽ പ്രണയപരവശനായ്
അരുമയായ്
ഉമ്മവെച്ചുണർത്തിയിട്ടുണ്ടാവുമോ
ഇതുവരെ
മറ്റൊരു ഗന്ധർവ്വനും !

ഇത്രമേൽ സ്നേഹസർവ്വസ്വമായ്
ആർദ്രമായ് ,
നെഞ്ചോട് ചേർത്തണച്ചിട്ടുണ്ടാവുമോ
ഇതുവരെ
മറ്റൊരു പ്രണയിനിയെയും !

ഇത്രമേൽ
നിഷ്കളങ്കനായ്
കരിമേഘം വിട്ടൊഴുകിപ്പുണർന്നിട്ടുണ്ടാവുമോ
ഇതുവരെ
മറ്റൊരു താഴ് വാരത്തേയും !

ഇത്രമേൽ
സ്നേഹനിർവൃതിയായ്
നെറുകയിൽ ചുംബിച്ചിട്ടുണ്ടാവുമോ
ഇതുവരെ
മറ്റൊരു പൂമരത്തെയും !.

ഇത്രമേൽ
ഹർഷപ്രഹർഷമായ്
വാരിപ്പുണർന്നൂർവരയാക്കിയിട്ടുണ്ടാവുമോ
ഇതുവരെ
മറ്റൊരു ദേവകന്യകയെയും !



# മഴക്കാഴ്ചകൾ

കണ്ണീരിൽ കുതിർന്ന ആഴങ്ങളുടെ
ഒരുപാട് കഥകളുണ്ടായിരുന്നു;
ഓരോ മഴയ്ക്കും പറയാൻ.
ഘോരമായ ഒരു മിന്നലിന്റെ
ആർത്തനാദത്തിനിടയിലൂടെ
പേറ്റുവയറിൽനിന്നും വേർപ്പെട്ട
വേദനയുടെ ഒരായിരം കഥകൾ

നഷ്ടസ്വപ്നങ്ങളെക്കുറിച്ച്
ഏറെയേറെ പിറുപിറുത്തുകൊണ്ട്
തലതല്ലിക്കരയുന്ന മനസ്സാണ്
ഓരോ മഴയ്ക്കും
ചിതറിത്തെറിച്ചിടത്തുനിന്ന്
ഏന്തിയേന്തി എഴുന്നേൽക്കാൻ നോക്കി
ഏറെ ശ്രമപ്പെട്ട്, ചത്തൊടുങ്ങുകയാണ്
ഓരോ മഴയും.

ഹൃദയത്തിൽ നിന്ന്
കണ്ണിലേക്കൊഴുകിയ പെരുമഴകളാകട്ടെ,
ഭൂതകാലത്തിൽ നിന്നു പുറപ്പെട്ട്
വർത്തമാനഗർഭത്തിൽ
മരിച്ചുവീണവയായിരുന്നു.





നിമിഷ ഹിജു

# മഴ

ആരവമാ,യെന്നെത്തേടി --
യിരമ്പി,യിരമ്പിവരുന്നോ നീ,

ചാരത്തണയാൻ,വെറിയുംപൂണ്ടൊരു
വരിവരി ശരമായ് പിന്നാലെ,

ചറപറയെന്നു നിരത്തി വിതക്കും
പറപറ,യായൊരു മഴവിത്തും,

ഓട്ടിൻ പുറമേ ബഹളമയം അത്
പാട്ടിന്നീരടി സംഗീതം,

നനയാതെങ്ങനെ നീയെത്തീ
യെന്നമ്മ ചിരിച്ചൊരു സമയത്തും,

പിറകിൽ നിന്നൊരു ചേച്ചിയുമിങ്ങനെ
നിറഞ്ഞൊരു,നനവിൽകേഴുന്നൂ,

അമ്മേയമ്മേ,യവനുടെ തലയില -
മർത്തിതോർത്താൻ,മറക്കേണ്ടാ,

പുതുമഴയാണിതു പെരുമഴ പോലെ
അതു മതിയിവനിനി കുളിരേകാൻ,

കാറ്റത്താടി,ത്തെങ്ങിൻ കൂട്ടം
കാറ്റിൽ മലച്ചു ചിരിച്ചീടെ,

വരിവരിയായൊരു വെള്ളച്ചാട്ടം
നിരനിരയായി തൂകീടേ,

ഉണ്ണിയിറങ്ങി വിണ്ണിലിറങ്ങി
മണ്ണിൽ വീണുകളിച്ചീടേ,

ആരായുണ്ണീ പെരുമഴയത്ത്
ചിരിയാലുണ്ണി,കരയുന്നു,

ഈ മഴ പൂമഴയുണ്ണിമഴ,യെ --
ന്നമ്മയിതൊന്നുകണ്ടോളൂ,

അമ്മക്കരിശം ചേച്ചിക്കരിശം
അമ്മൂമ്മക്കതു ചിരിയായി,

ഉണ്ണികളിച്ചോ മഴയത്ത്
ഉണ്ണൂലിയെത്തി നിൻ കൂടെ,

ഉണ്ണിയു,മുണ്ണൂണ്ണി,യമ്മൂമ്മയും കൂടെ
ഉണ്ണാതുറങ്ങാതു,കളിയായി,

പെരുമഴയത്താ,യമ്മമനം
പൊരുതാനില്ലേ,ചേച്ചിമനം, '

പുറത്തൊരുമഴയാ,കുളിരായങ്ങനെ ചെറു
ചിരിയായി,പ്പെയ്യുന്നേ,

എന്താണിതച്ഛാ ചിന്തയിലാദ്യം
വെന്തമനത്തിൻ പുഞ്ചിരിയാണോ,

മഴയിതു കൊള്ളാൻ പോരൂ നീ
വഴക്കിട്ടമ്മ വിളിക്കുന്നൂ...?



**മാധവ്ജി**



# വേഴാമ്പൽ

മഴയതെന്നുമൊരപൂർവ ചാരുത,
മനസ്സിലെഴുതുമൊരു വികാര തീവ്രത,
കണ്ണീർമണികൾ പോലതിനാകെ സുതാര്യത,
ചൊല്ലാനാവതില്ലതിനേറേ സമാനത...

കരിമുകിലിന്റെ കദനങ്ങൾ നീക്കുവാൻ,
ചിരി പൂത്തു നിൽക്കുന്ന വദനങ്ങൾ തീർക്കുവാൻ,
ഹരിതാഭയായൂഴി പട്ടുടുത്തീടുവാൻ,
മാരിയായ് പെയ്തതീ സുരലോക ജലധാര.

മാനത്തിൻ മിഴി നിറഞ്ഞൊഴുകുന്ന നോവുകൾ,
മണ്ണിതിൽ തൂവും പ്രതീക്ഷ തൻ നിനവുകൾ,
പാടത്തെ പൊന്നണിയിക്കും നീർതുള്ളികൾ,
പുഴയോരത്തെ ചാർത്തുന്നു വെള്ളിക്കൊലുസ്സുകൾ.

ആഴിതൻ മോഹത്തിരകളെ പുല്കുമ്പോൾ
ആവേശമോടങ്ങണയുന്നു തീരത്തായ്,
ആകെക്കുളിച്ചീറനണിഞ്ഞൊരു കന്യപോൽ,
നാണിച്ചു നിൽക്കുന്നൊരീ പ്രകൃതി.

ഈ മഴ തീർക്കുന്ന മൗന സംഗീതങ്ങൾ,
മെല്ലെയുണർത്തുമെന്നോർമകളെ,
ചിതറിതെറിക്കുന്ന നീർമണി മുത്തുകൾ,
തെല്ലൊന്നകറ്റുന്നു നോവുകളെ...

മഴയെന്നും മായാത്ത കുളിരാണ്, കനിവാണ്,
മഴയെന്നുമോമൽ പ്രതീക്ഷയാണ്,
മഴ കാത്തു കഴിയുന്ന വേഴാമ്പൽ പോലവേ,
മഴ കാത്തു കാത്തങ്ങിരിക്കയാണ് ...



സിന്റ സേവി



**മനോജ് കുമാർ പഴശ്ശി**



നിനവിലേക്കൊഴുകിയെത്തുന്നു
ഓർമ്മയുടെ ചിറകടിയൊച്ചകൾ
ചൊടിയുടെ സ്നേഹ മാത്രകളിൽ
പ്രണയസാന്ദ്രമാം വിരൽമഴകൾ

ഒരിളംചുവടിന്റെ ചലന വേഗത്തെ
തൊട്ടുനടക്കുന്ന മഴപ്പെയ്ത്തുകൾ
ദാഹമകലുന്ന വാക്കിൻ മുനകൾ
ഇറങ്ങിപ്പോകുന്ന ശ്വാസവേഗങ്ങൾ

വരണ്ട മൗനത്തെ തൊടാനെത്തുന്ന
അരുണ സന്ധ്യകളേ, ശാരദ രാത്രികളേ
സൗഹൃദത്തിന്റെ ഓർമ്മച്ചുരങ്ങളിൽ
നീയുമെന്നോടൊപ്പം ചേർന്നു നിൽക്കൂ

# മഴയാത്രകൾ

# മഴ... അറിയാൻ


പിണങ്ങാത്ത പരിഭവം പറയാത്ത
എന്നുറ്റ ചങ്ങാതി
ഈടുറ്റ ബന്ധമായെത്ര കാലങ്ങൾ കണ്ടു നാം
കഥകൾ കൈമാറി
എന്റെ മൗനത്തിനുത്തരം തേടി
നീറുന്ന മനസ്സിലേക്കാനന്ദമേകി
ചാറ്റലായ്തിരിമുറിയാതെ,
കുളിരായി പെയ്തു മന്നിടത്തിൽ
കാലദേശങ്ങൾ കടന്ന് വീണ്ടുമെ
ന്നടുത്തെത്തുന്ന സഖിയോടൊന്നു ചോദിക്കട്ടെ...
എന്തിത്ര വല്ലായ്ക...? പകയും വിദ്വേഷവും...!
നേരം തെറ്റിയുണർന്ന പൈതൽ പോൽ
വാശി പിടിപ്പിതെന്തിനായ്
നിന്നിൽനിന്നുപ്പൊഴിയുമാ ജലകണങ്ങൾ
ഊഴിക്കു മുറിവായ് തീർന്നീടുന്നു.
നാളെ വിദ്വേഷത്തിനിരുട്ടൊഴിഞ്ഞ്
വെൺമേഘമായ് വാനിൽ വിലസുമ്പോൾ
അലസമായ് നോക്കുകീ പാരിടത്തെ
ചക്രവാളവിതലം പോലരുവികൾ
ഉണരാനാകാതെ തണൽ മാമരങ്ങൾ
ഗാഢം ശയിക്കുന്ന കാഴ്ചകൾ
നീഢമില്ലാ പറവകൾ കോലാഹലത്തിനൊരുങ്ങിടുന്നു.
ഒരുനാൾ പ്രണയമായിരുന്നോൾ
രാത്രിമഴ പോൽ മുഖം തുടച്ചെത്തുന്ന വീട്ടമ്മയായവൾ
കുരുന്നുകൾക്കൊപ്പം കുസൃതി കാണിച്ചോൾ
എല്ലാത്തിനും അറുതിയാക്കയാണോ സഖി...!
ഒരിക്കലറുത്താൽ കിളിർക്കാത്തതാണു
ഉയിരിലെ ബന്ധമെന്നോർക്ക വേണ്ടും.
നിശ്വാസങ്ങൾക്കാ ശ്വാസമേകുന്ന
അരുമ സഖി കൈവിടാതെയൊരിക്കലും...



**ഗീത വി.പി.**

# മഴ വരുമ്പോൾ...

മഴ വരുന്നു.. പാടവും പുഴയും കടന്ന്..
പൂമരങ്ങളും.. പടിപ്പുരകളും കടന്ന്..
കത്തുന്ന വേനലിൽ പെയ്തു നിറയാൻ..
മഴ വരുന്നു..



ഇലകളിൽ തുള്ളികൾ പതിയ്ക്കുന്ന താളം..
ചില്ലകൾ ഉലയുന്നു കാറ്റിൽ..
കുളിരിൽ കുതിരും വിത്തുകൾ
മണ്ണിൽ നിന്നും ഉണരുന്നുണ്ടോ..

ഓർമ്മകളിൽ ഒരു പുതുമഴ ഗന്ധം..
മനസ്സിന്റെ നേർത്ത കുളിർ ചില്ലകളിൽ ഒന്നിൽ..
ഒരു വിരഹം മഴയായ് നിറഞ്ഞു..
പടി കടന്നെത്തുമീ മഴചാറ്റലിനൊപ്പം
വരുമോ.. ഒരാൾ..
ഇല്ല.. വരില്ലെന്ന് നിനയ്ക്കാനാകാതെ..
വേപഥുവിൽ ആർദ്രമായി ഹൃദയം..

മഴകളോരോന്നും പെയ്തു തോർന്നു പോയ്..
നിറമിഴികളും പലവട്ടം പെയ്തു തോർന്നു..
അകതാരിൽ സൂക്ഷിച്ച കിനാവിന്റെ വിത്തുകൾ..
എന്നോ കനലുകളായി എരിഞ്ഞു തീർന്നു..

ഇന്നിപ്പോൾ വീണ്ടും മഴ വരുന്നു...
പാടവും പുഴയും കടന്ന്..
ജാലകചില്ലിൽ മുട്ടി വിളിക്കുന്നു..
ഓർമ്മ മഴയിൽ നനയാൻ ക്ഷണിക്കുന്നു..
നോവുകളിൽ തേൻ പുരട്ടാൻ ശ്രമിയ്ക്കുന്നു..
വരൂ.. നിറയട്ടെ.. ഈ മണ്ണും മനസ്സും..



ശാരിക വിപിൻ



# എന്റെ മഴ നിനവുകൾ

കാറ്റിന്റെ നിഴൽ പോലെ ചാറ്റൽ മഴ
നയനങ്ങൾ പോലെ നീർമുത്തുകൾ
ഒരു തുള്ളി തൊട്ടെന്റെ കവിളിൽ തലോടി
തണുപ്പിന്റെ ഗന്ധം ഞാനറിഞ്ഞു
നനഞ്ഞ തൃണങ്ങൾ നഗ്ന പാദത്തിലുരുമ്മി
എത്ര വെള്ളത്തുമ്പ പ്പൂക്കളിറുത്തു ഞാൻ

മുകിലുകൾ കറുക്കുന്ന നേരത്ത് മാനത്ത്
പായുന്നതാരാണ് സൂര്യാംശുവോ
പിണങ്ങിയും കരഞ്ഞും നീ വരും വഴികളിൽ
പറക്കുന്നതാരാണ് പതംഗങ്ങളോ
പിന്നെ നീ തോരാതെ വർഷിണിയാകവേ
എന്തിത്ര വിഷാദമെന്നു നിനച്ചു ഞാൻ
ചിതറിയ നിൻ ഹൃത്തു കൊത്തിപ്പറിച്ചത്
അർക്കനോ അതോ പക്ഷികളോ.

ഹരിത മനോജ്ഞമീ ധരണിയിലെത്തവേ,
നിൻ ഭാവം തീരാത്ത ചാരുതയായ്
തെങ്ങോലത്തുമ്പിലൂടൂർന്നിറങ്ങി
നദിയുടെ ഓളങ്ങൾ തെന്നിച്ച് തെന്നിച്ച്
മാരുതൻ കൂടൊന്ന് ഊഞ്ഞാലിലാടി
പകലിനെ രാവാക്കി രാവിലോ താരാട്ടി
തുളുമ്പിയലച്ചു മാരി മഴയാകവേ
സാന്ദ്രമാം ആനന്ദം ഞാനറിഞ്ഞു

മഴ വീണ പൂഴി പോൽ
മരം വീണ പാത
നിന്റെ ഗർജ്ജനം തിരയുന്ന കമ്പളം
നാടുകാണാനോടും കാട്ടുമയിലുകൾ
പാട്ടുമൂളുന്നൊരീ കോകിലങ്ങൾ
അലിഞ്ഞുലഞ്ഞ സായന്തനങ്ങൾ

മഴമേഘങ്ങളേ, വറ്റരുതേ
നീയാണ് ചേതനയിന്നെന്റെ നിനവിനും
ആയിരം പുലരിക്കും.



സിന്റി സ്റ്റാൻലി



# മഴത്താളം

മഴക്കുമുണ്ടൊരു ... നിയമങ്ങളും
ചിലപ്പോൾ
മായപ്പൊന്മാനെ പോലെ മോഹിപ്പിച്ച്
മറ്റു ചിലപ്പോൾ
ആർദ്രമായ രാത്രിമഴ പോലെ
വേറെ ചിലപ്പോൾ
താണ്ഡവമായി  പെയ്തൊഴിയും

പുറത്ത്...
മഴയിൽ ചാടിക്കളിക്കണം എനിക്ക്..
കുഞ്ഞുമോഹങ്ങൾക്ക് എന്നും
ഈയാംപാറ്റയുടെ ആയുസ്സ്
നനയാതെ, മഴ നനയാതെ
അന്തിയുറങ്ങാൻ മോഹിക്കുന്ന
തെരുവോര കുഞ്ഞിന്റെ സ്വപ്നങ്ങൾക്ക് ചുറ്റും
ഈയാംപാറ്റകൾ പറന്നുയർന്നു വീണു

രാത്രിമഴയിൽ...
അമ്മയെ കെട്ടിപ്പിടിച്ചു ഞാനും
കീറച്ചാക്കിന്റെ ചൂടിൽ ജീവിത ഭാരവുമായവളും
എനിക്കും അവൾക്കും...
സ്വപ്നങ്ങൾ മോഹങ്ങൾ വേദനകൾ
മഴയുടെ സംഗീത താള ലയങ്ങളിൽ
ഞങ്ങൾ സമാന്തര ജീവിത നേർരേഖകൾ ആയി
അകലങ്ങളിലേക്ക്..... അകലങ്ങളിലേക്ക്...



സ്മിത കോടനാട്



# മഴ വരുന്ന നാൾ



കാരൂർ സോമൻ

ഉഷ്ണജലത്തിൽ നിന്നും
മുളപൊട്ടിയ ഒരു ചെടിയാണ് ഞാൻ
ചൂടുറവയിൽ നിന്നും
സ്വപ്നങ്ങൾ പങ്കിട്ട നാളിൽ
ഞാനറിഞ്ഞതേയില്ലല്ലോ
നിന്റെ മോഹങ്ങൾക്ക്
മഴയുടെ കാർമേഘ നിറമാണെന്ന്
കരിങ്കറുപ്പിന്റെ ആവേശമാണെന്ന്
മഴത്തണുപ്പിന്റെ ഉന്മാദമാണെന്ന്
ഒലിച്ചിറങ്ങിയ ഉറവകളിലൊന്നിൽ
കണ്ടതേയില്ല നിന്റെ മഴക്കിനാവ്
അറിഞ്ഞതേയില്ല നിന്റെ
മെയ്‌വഴക്കത്തിൽ പൂത്തുലഞ്ഞ
ജലസ്വപ്നങ്ങളിൽ കതിരിട്ട
നീലമഴയുടെ മന്മദരാവുകൾ.